# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി
# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# മലപ്പുറം-676505

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.21/331/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/03/2026
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.21/331/2026 തീയ്യതി: 31/03/2026

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-02-2025 മുതൽ 03-02-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റാം മനോഹർ വി.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-02-2026 | 21-02-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-02-2026 | 21-02-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. റിഷിൽ. പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീ. ഷാജഹാൻ ഖുറൈശി എം. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ),
ശ്രീ. അഷ്റഫ് കെ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.അനീത് ബാബു കെ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശംസിയ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഷ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. ഷാജി | ചെയർമാൻ | 01-04-2024 | 31-03-2025 |
| ശ്രീ. ജി. മിത്രൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി നസ്റിൻ വി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ലിജ ജേക്കബ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. സാബിറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 30-09-2024 |
| ഡോ. ഷബ്ന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-10-2024 | 31-03-2025 |
| ശ്രീ. രാജീവ് ബോസ് | പ്രിൻസിപ്പൽ | 01-04-2024 | 25-11-2024 |
| ശ്രീ. വിജീഷ് കെ. | പ്രിൻസിപ്പൽ | 26-11-2024 | 31-03-2025 |
| ശ്രീമതി ഗിരിജ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സൈനബ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. മൃദുല | വെറ്ററിനറി സർജൻ | 01-04-2024 | 03-09-2024 |
| ഡോ.മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 04-09-2024 | 31-03-2025 |
| ശ്രീ. വിനോദ് ഗോപാലകൃഷ്ണൻ | പ്രോജക്ട് ഓഫീസർ | 01-04-2024 | 01-08-2024 |
| ശ്രീ. രാജീവൻ | പ്രോജക്ട് ഓഫീസർ | 02-08-2024 | 31-03-2025 |
| ശ്രീ. രാഹുൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 30-06-2024 |
| ശ്രീ. ഷിഹാബുദ്ധീൻ മച്ചിങ്ങൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-07-2024 | 31-03-2025 |
| ശ്രീമതി ജുവാരിയ | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.വൽസൻ സി.കെ | ഹെൽത്ത് ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ  കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ  എന്നിവ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | Depreciation കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-1-3 |
| 5 | തുകകൾ  പൂർണ്ണ രൂപയിൽ  രേഖപ്പെടുത്തിയില്ല | 1-1-4 |
| 6 | ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരവ് വന്ന 4,05,34,871 രൂപ കണക്കിലുൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. | 1-1-7 |
| 9 | റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Advance Month Voucher Adjustment Cr ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. | 1-1-8 |
| 10 | റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Advance Month Voucher Adjustment Dr ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | ബാലൻസ് ഷീറ്റ് B(18) ഷെഡ്യൂളിലെ Water Deposits-നെ സാധൂകരിക്കുന്ന രേഖകൾ  പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-11 |

| | | |
|---|---|---|
| 13 | ബാലൻസ് ഷീറ്റ് B(18) ഷെഡ്യൂളിലെ Temporary Advances For Official Purposes-നെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-12 |
| 14 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. | 1-1-14 |
| 16 | യഥാർഥ കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. | 1-1-15 |
| 17 | സ്ഥിര നിക്ഷേപം പിൻവലിച്ചത് ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചില്ല. | 1-1-16 |
| 18 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിക്കുന്നില്ല. | 1-1-17 |
| 19 | AUEGS പദ്ധതിയുടെ യഥാർത്ഥ ചെലവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 22 | ഫണ്ട് വിനിയോഗം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 25 | ക്ഷേമ പദ്ധതികൾ | 1-7 |
| 26 | ക്യാഷ് പരിശോധന | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം | 1-11 |
| 30 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - അവലോകനം | 1-12 |
| 31 | ഗവ.ആയുർവേദ ഹോസ്പിറ്റൽ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-13 |

| | | |
|---|---|---|
| 32 | ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല | 1-14 |
| 33 | ജേണൽ  എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ  ലഭ്യമാക്കേണ്ടതാണ് | 1-15 |
| 34 | ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ  സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല | 1-16 |
| 35 | ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 36 | തനതു ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ  ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല. | 1-18 |
| 37 | ചെലവ് തുക വരവ് തുകയേക്കാൾ അധികരിക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 38 | Receivables From Government (Redemption) ഇനത്തിലെ തുക തിരികെ ലഭ്യമായില്ല. | 1-20 |
| 39 | നഗരസഭാ ഫണ്ട് ഷെഡ്യൂൾഡ് ബാങ്കിൽ  സൂക്ഷിക്കുന്നു.കാരണം വ്യക്തമാക്കേണ്ടതാണ്. | 1-21 |
| 40 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ  ലഭ്യമാക്കേണ്ടതാണ് | 1-22 |
| 41 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകതകൾ | 1-23 |
| 42 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകതകൾ. | 1-24 |
| 43 | തൊഴിൽ നികുതി അപാകതകൾ | 1-25 |
| 44 | ടെലഫോൺ  ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-26 |

| | | |
|---|---|---|
| 45 | ഷോപ്പിങ് കോംപ്ലക്സുകളുടെ വാടക വരവ്- അപാകതകൾ | 1-27 |
| 46 | ഷോപ്പിങ് കോംപ്ലക്സുകളുടെ കുടിശ്ശിക വാടക വരവ്- അപാകതകൾ | 1-28 |
| 47 | കഥട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല | 1-29 |
| 48 | ഭവന നിർമാണത്തിനായി ഒന്നാം ഗഡു തുക കൈപറ്റി - നിർമാണം ആരംഭിച്ചിട്ടില്ല. | 1-30 |
| 49 | സ്കൂൾ പ്രവേശനോത്സവം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-31 |
| 50 | മരം മുറിക്കുന്നതിനായി നൽകിയ മുൻകൂർ തുക ക്രമീകരിച്ചില്ല | 1-32 |
| 51 | തുടർ സാക്ഷരത പദ്ധതി തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-33 |
| 52 | വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം - അപാകതകൾ | 1-34 |
| 53 | ബയോബിൻ വിതരണം - അപാകതകൾ | 1-35 |
| 54 | അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ - അപാകതകൾ | 1-36 |
| 55 | GIS മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 56 | റിക്കാർഡ് റൂമിൽ റാക്ക് നിർമ്മാണം - അധികം ചെലവഴിച്ച തുക 2,97,126 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-38 |
| 57 | ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക 43,107 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-39 |
| 58 | പുതിയ ഓഫീസ് സമുച്ഛയം - ഡൈനിംഗ് ഹാൾ മുൻവശം ടൈൽസ്, അനുബന്ധ പ്രവൃത്തികൾ-ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 96,107 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-40 |
| 59 | സ്റ്റോർ റൂമിന്റെ റൂഫ്- സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിനുള്ള നിരക്ക് നൽകി -അധികം നൽകിയ തുക 52,561 രൂപ തിരികെ | 1-41 |

| | | |
|---|---|---|
| | ഈടാക്കേണ്ടതാണ് | |
| 60 | ഹൈടെക് അങ്കണവാടി -സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിനുള്ള നിരക്ക് നൽകി -അധികം നൽകിയ തുക 10,531 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-42 |
| 61 | ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിന് അധികം നൽകിയ തുക 9,982 രൂപ തിരികെ ഈടാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-43 |
| 62 | റാന്റം റബിൾ മേസനറി പ്രവൃത്തി- അപാകതകൾ | 1-44 |
| 63 | റാന്റം റബിൾ മേസനറി പ്രവൃത്തികൾ -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-44 (A) |
| 64 | ചോലക്കുളം പുനരുദ്ധാരണം-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-44 (B) |
| 65 | ഗവ.ആയുർവേദ ആശുപത്രി പുതിയ കെട്ടിട നിർമ്മാണം - പ്രവൃത്തി നിശ്ചലാവസ്ഥയിൽ | 1-45 |
| 66 | ലൈഫ് മിഷൻ ഫ്ലാറ്റിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് ാപിക്കൽ - അപാകതകൾ | 1-46 |
| 67 | മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല - ബാധ്യത കൂടി നഗരസഭ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ | 1-47 |
| 68 | തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ - തൂക്കം സാക്ഷ്യപ്പെടുത്തുന്നില്ല. | 1-48 |
| 69 | സായ് സ്നേഹതീരം - വസ്തുനികുതി ഒഴിവാക്കി നൽകുന്നതിനുള്ള തീരുമാനം സംബന്ധിച്ച് | 1-49 |
| 70 | ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- അധിക തുക അനുവദിച്ചു | 1-50 |
| **ഭാഗം 2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | റിക്കാർഡ് റൂമിൽ റാക്ക് നിർമ്മാണം - അധികം ചെലവഴിച്ച തുക 2,97,126 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| 2 | പുതിയ ഓഫീസ് സമുച്ഛയം മുൻവശത്തെ പെയിന്റിംഗ്, അനുബന്ധ പ്രവൃത്തികൾ -ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക 43,107 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-2 |
| 3 | ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 96,107 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-3 |
| 4 | സ്റ്റോർ റൂമിന്റെ റൂഫ്- സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിനുള്ള നിരക്ക് നൽകി -അധികം നൽകിയ തുക 52,561 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-4 |
| 5 | ഹൈടെക് അങ്കണവാടി -സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിനുള്ള നിരക്ക് നൽകി -അധികം നൽകിയ തുക 10,531 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-5 |
| 6 | റാന്റം റബിൾ മേസനറി പ്രവൃത്തി- അപാകതകൾ | 3-6 |
| 7 | റാന്റം റബിൾ മേസനറി പ്രവൃത്തികൾ -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-6(A) |
| 8 | ചോലക്കുളം പുനരുദ്ധാരണം-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-6(B) |
| 9 | ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം-അധിക തുക അനുവദിച്ചു | 3-7 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം. | 4-11 |
| 12 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.11.2025 തീയതിയിലെ 1ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള

അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**സ്ഥലം : മലപ്പുറം**
**തിയ്യതി : 31/03/2026**

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-9 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-2 അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ സമർപ്പിച്ചിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1-3 Depreciation കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് B-10 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-1-4 തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയില്ല

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ തൊട്ടടുത്ത പൂർണ്ണ രൂപയായാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ചില തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്. (Eg. B8, B14)

## 1-1-5 ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലെ ബാങ്ക് റികൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ നഗരസഭ വരവിൽ ഉൾപ്പെടുത്തി കളക്ഷന് വേണ്ടി ബാങ്കിൽ സമർപ്പിച്ച 4,24,01,057 രൂപയുടെ ചെക്കുകൾ പ്രകാരമുള്ള പണം നാളിതു വരെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംക്ഷിപ്ത വിവരം താഴെ നൽകുന്നു. ചെക്ക് നമ്പറോ തീയതിയോ രേഖപ്പെടുത്താത്തതിനാൽ ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Cheque Deposited But Not Collected എന്നതിൽ ഉൾപ്പെട്ട തുക |
|---|---|---|---|
| 1. | South Indian Bank | 0329053000014648 | 45,74,916 |
| 2 | State Bank Of India | 67206729726 | 2,80,97,882 |
| 3 | State Bank Of India | 67190200537 | 68,49,173 |
| 4 | Treasury Own Fund | 799013000000588 | 28,500 |

| | | | |
|---|---|---|---|
| 5 | State Bank Of India | 57065238437 | 5,94,676 |
| 6 | Federal Bank | 15370100206168 | 22,55,910 |
| ആകെ | | | 4,24,01,057 |

## 1-1-6 ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരവ് വന്ന 4,05,34,871 രൂപ കണക്കിലുൾപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്താത്ത 4,05,34,871 രൂപ നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് വരവ് വന്നതായി വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു. ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Directly Credited By Bank എന്ന ഹെഡിൽ ബുക്ക് ചെയ്ത തുക. |
|---|---|---|---|
| 1 | HDFC | 50100289808301 | 45,90,825 |
| 2 | Canara Bank | 110008520369 | 40,000 |
| 3 | SIB | 0329053000014648 | 13,40,652 |
| 4 | State Bank Of India | 67206729726 | 280,97,882 |
| 5 | State Bank Of India | 67190200537 | 45,70,770 |
| 6 | State Bank Of India | 57065238437 | 1,98,349 |
| 7 | Federal Bank | 15370100206168 | 16,96,393 |
| ആകെ | | | 4,05,34,871 |

## 1-1-7 റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല.

2024-25 സാമ്പത്തിക വർഷത്തിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെ പറയും പ്രകാരം Directly Debited By Bank ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഏത് കാലയളവിലെ തുകയാണ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തവുമല്ല.

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റി കൺസിലിയേഷൻ പത്രിക പ്രകാരം 92,53,248 രൂപ Directly Debited By Bank എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Directly Debited By Bank എന്ന ഹെഡിൽ ബുക്ക് ചെയ്ത തുക. |
|---|---|---|---|
| 1 | State Bank Of India | 67190200537 | 92,50,201 |
| 2 | State Bank Of India | 57065238437 | 3,047 |
| ആകെ | | | 92,53,248 |

## 1-1-8 റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Advance Month Voucher Adjustment Cr ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Advance Month Voucher Adjustment Cr എന്ന ഹെഡിൽ ബുക്ക് ചെയ്ത തുക. |
|---|---|---|---|
| 1 | Axis Bank – CFC Tied & Untied | 920010043075582 | 5,79,874 |
| 2 | State Bank Of India | 67190200537 | 30,948 |
| ആകെ | | | 6,10,822 |

## 1-1-9 റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള Advance Month Voucher Adjustment Dr ആയി കാണിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | Advance Month Voucher Adjustment Dr എന്ന ഹെഡിൽ ബുക്ക് ചെയ്ത തുക. |
|---|---|---|---|
| 1 | South Indian Bank | 0329053000014648 | 1,250 |

## 1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-7 Schedule) ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-11 ബാലൻസ് ഷീറ്റ് B(18) ഷെഡ്യൂളിലെ Water Deposits-നെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

Water Deposits (Head-4606003) സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് (B-18) ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 14,840,000 രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

## 1-1-12 ബാലൻസ് ഷീറ്റ് B(18) ഷെഡ്യൂളിലെ Temporary Advances For Official Purposes-നെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

Temporary Advances For Official Purposes (Head-4605004) സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് (B-18) ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 58,27,754 രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

## 1-1-13 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | Indian Bank | 7339606868 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. |
| 2 | Indian Bank | 7134768027 | 0 |
| 3 | Indian Bank | 7285486323 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. |
| 4 | HDFC | 50100453371698 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. |
| 5 | HDFC | 50100300645641 | ബാങ്ക് പാസ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. |
| 6 | Canara Bank | 110075820399 | 0 |
| 7 | Canara Bank | 0757101096925 | 9258(As On 30.04.2023) |
| 8 | Kerala Gramin Bank | 40213100108779 | 0 |

## 1-1-14 പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റ് B 17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്ത അക്കൗണ്ടുകളുടെ പാസ്ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | Bank Of Baroda | 42350100007061 |
| 2 | Canara Bank(MP Fund) | 0757101096925 |
| 3 | Union Bank Of India | 572002010012640 |
| 4 | Urban Cooperative Bank-Loan | 0001001000019251 |
| 5 | PF Treasury Account | 799010100371033 |
| 6 | Treasury Own Fund | 799013000000588 |

## 1-1-15 യഥാർഥ കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

താഴെ പരാമർശിച്ച വിവിധ ഇനങ്ങളിലെ യഥാർഥ കുടിശ്ശിക വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

| ക്രമ നമ്പർ | ഇനം | ഡിമാന്റ് (₹) (2023-24 വാർഷിക കണക്കുപ്രകാരം) | കളക്ഷൻ (₹) (2024-25 വാർഷിക കണക്കുപ്രകാരം) | ബാലൻസ് (ഡിമാന്റ് - കളക്ഷൻ) (₹) | 2024-25 വാർഷിക കണക്കു പ്രകാരം ബാലൻസ് (₹) |
|---|---|---|---|---|---|
| 1. | Property Tax-Arrear | 4,76,57,056 | 16124883 | 3,15,32,173 | 3,07,25,929 |
| 2. | Profession Tax (Instituitions, Professionals, Traders)-Arrear | 22,40,103 | 1335141 | 9,04,962 | 0 |
| 3. | Advertisement Tax-Arrear | 3,18,000 | Not Included In AFS | Not Included In AFS | Not Included In AFS |
| 4. | License Fees-Arrear | 1,78,990 | 100975 | 78,015 | 0 |
| 5. | Civic | 25,63,132 | 0 | 25,63,132 | 0 |

| | Amenities | | | | |
|---|---|---|---|---|---|

ബാലൻസ് തുക വാർഷിക കണക്കിൽ വ്യത്യാസപ്പെട്ടതിന്റെയും Advertisement Tax-Arrear വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തതിന്റെയും കാരണം വിശദമാക്കേണ്ടതാണ്.

## 1-1-16 സ്ഥിര നിക്ഷേപം പിൻവലിച്ചത് ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചില്ല.

2023-24 സാമ്പത്തിക വർഷത്തിൽ 40,48,130 രൂപ സ്ഥിര നിക്ഷേപമായി അവശേഷിക്കുന്നതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 25,00,000 രൂപ പിൻവലിച്ചതായി കാണുന്നു. എന്നാൽ വാർഷിക കണക്കിൽ ബാലൻസ് തുകയായി 40,00,000 ലക്ഷം രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്ക്-അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (40/19.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-17 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിക്കുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേകം എ.സി.ആർ. ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഗ്രാന്റുകളിൽ ബാധ്യതയായി B-4 ഷെഡ്യൂളിൽ ബുക്ക് ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ശീർഷകം | തുക |
|---|---|
| 3201020 Integrated Child Development Service | 7665975 |
| 3208099 Other Grants & Contributions For Specific Purpose | 748275 |
| 3201050 Grants Contributions For Specific Purposes – Central Government | 27478 |

## 1-1-18 AUEGS പദ്ധതിയുടെ യഥാർത്ഥ ചെലവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

AUEGS പദ്ധതികൾക്കായി ആകെ 1,30,99,999 രൂപ വരവ് വന്നത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും നഗരസഭ ചെലവഴിച്ച 1,30,99,999 രൂപ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

## 1-2 ബജറ്റ്

| | 2024-25 ലെ ബജറ്റ് പാസ്സാക്കിയ | 2024-25ലെ ബജറ്റ് പുതുക്കിയ | |
|---|---|---|---|

| തീരുമാനം നം./തിയ്യതി | തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/14.02.2024 | 1/28.03.2025 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 5,31,69,977 |
| വരവ് | 28,66,98,904 |
| ആകെ | 33,98,68,881 |
| ചെലവ് | 27,89,84,245 |
| നീക്കിയിരിപ്പ് | 6,08,84,636 |

## 1-4 ഫണ്ട് വിനിയോഗം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 43444597 | 42676007 | 768590 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14367400 | 20076742 | -5709342 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 38790000 | 32137150 | 6652850 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 10680000 | 8276246 | 2403754 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 12258525 | 17639057 | -5380532 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 7030420 | 7030420 | 0 |

(കുറിപ്പ്: കെ സ്മാർട്ടിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് വരവ് തുക ചേർത്തിരിക്കുന്നത്. ചെലവ് തുക സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരവും. വികസന ഫണ്ട് (എസ്.സി.പി) നീക്കിയിരിപ്പ് തുക നെഗറ്റീവ് ആയതിനുള്ള വിശദീകരണം ഖണ്ഡിക 1-19 -ൽ ചേർത്തിട്ടുണ്ട്.)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 636 | 557290522 | 428 | 149261677 | 0 | 208 | 67.29 |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ<br>ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 13100000 | 13100000 | 13099999 | 1 |

(കുറിപ്പ്:- യൂണിയൻ ബാങ്കിൽ AUEGS ന് വേണ്ടി തുടങ്ങിയ 572002010012640 എന്ന അക്കൗണ്ട് നിലവിൽ ഉപയോഗിക്കുന്നില്ല. നിലവിൽ പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പേരിലുള്ള ട്രഷറി അക്കൗണ്ടുകളിൽ പദ്ധതിക്കുള്ള അലോട്ട്മെന്റ് അനുവദിക്കുകയും അതേ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്. ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.)

## 1-7 ക്ഷേമ പദ്ധതികൾ

2024-25 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7895000 | 5025 |

| | | |
|---|---|---|
| വിധവാപെൻഷൻ | 45202700 | 33391 |
| വാർദ്ധക്യകാലപെൻഷൻ | 73400100 | 50778 |
| വികലാംഗപെൻഷൻ | 13314600 | 8645 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4066800 | 2595 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.02.2026 ന് ഉച്ചക്ക് 03.45 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4,04,620/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷിക കണക്കുകൾ പ്രകാരം നഗരസഭ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ ആണ്. എന്നാൽ നിലവിലും വരവ് കുറക്കുകയും ചെലവും ബാധ്യതയും കൂട്ടുന്ന സമീപനമാണ് ചെയ്തുവരുന്നത്. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ ബാധ്യത 57,55,77,626.50) രൂപയും വിവിധ അക്കൗണ്ടുകളിലായി ആകെ മുൻസിപ്പൽ ഫണ്ട് ബാലൻസ് ഉള്ളത് 6,08,84,636 രൂപയും മാത്രമാണ് എന്നിരിക്കെ വാടകയിനത്തിലുള്ള വരവുകളും തൊഴിൽ നികുതിയിനത്തിലുള്ള വരവുകളും പിരിച്ചെടുക്കുന്നതിന് കാര്യക്ഷമത കാണിക്കുന്നില്ല. കൂടാതെ വരവുകൾ കുറക്കുന്ന സമീപനവും സ്വീകരിച്ചു വരുന്നുണ്ട്. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ക്രമിറ്റോറിയത്തിൽ നിന്നുള്ള വരവ് 1,38,500, 73500 രൂപയും ചെലവ് യഥാക്രമം 47500, 5,88,480 രൂപയുമാണ്. വരവ് കുറയുകയും ചെലവ് കൂടുകയുമാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ നഗരസഭയുടെ ബയോ ശക്തി പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വളം വിൽപനയിലൂടെയുള്ള വരുമാനം നഗരസഭക്ക് ലഭിക്കുന്നില്ല.ഇവിടെ നിന്നും വരുമാനം ഉണ്ടാക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

2. ഏജൻസികളും മറ്റും മുഖേനെ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളിൽ പദ്ധതി ആസൂത്രണത്തിലെ പിഴവ്

കൊണ്ടും ഫണ്ടിന്റെ അപര്യാപ്തത കാരണവും പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയുണ്ട്. ഇൻഡോർ മാർക്കറ്റ് നിർമ്മാണം, ലൈഫ് മിഷൻ ഫ്ലാറ്റിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ, ഗവ.ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണം എന്നിവയുടെ നിർമ്മാണങ്ങൾ നഗരസഭയിൽ നിന്നും ഫണ്ട് അനുവദിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണ്.

3. ഏജൻസികളും മറ്റും മുഖേനെ ചെയ്യുന്ന മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയ പരിധിക്കകം തീർക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രവൃത്തികളുടെ ഗുണനിലവാരത്തിലും വീഴ്ചകൾ സംഭവിക്കുന്നുണ്ട്. ലൈഫ് മിഷൻ ഫ്ലാറ്റിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ വാൾ നിർമ്മാണത്തിനുള്ള കമ്പികൾ മഴയും വെയിലും കൊണ്ടിരിക്കുകയാണ്.

4. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാതെ നിലവിൽ നിശ്ചലാവസ്ഥയിൽ കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഭരണസമിതി മുൻഗണന നൽകേണ്ടതുണ്ട്

5. വരവുകൾ കൂട്ടാനും കിട്ടാനുള്ളത് പിരിച്ചെടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തൊഴിൽ നികുതി, വാടക ഇനങ്ങളിലായി ലക്ഷക്കണക്കിന് രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.

6. ഹോമിയോ ആശുപത്രി ദൈനം ദിന ചെലവുകൾ മെഡിക്കൽ ഓഫീസർ നടത്തിയ ശേഷം നഗരസഭയിൽ നിന്നും മെഡിക്കൽ ഓഫീസറുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് റീകൂപ്പ് ചെയ്യുന്നതായി ബോധ്യപ്പെട്ടു. HMC ഫണ്ടിൽ നിന്നും ദൈനം ദിന ചെലവുകൾ നടത്തിയ ശേഷം നഗരസഭയിൽ നിന്നും HMC അക്കൗണ്ടിലേക്ക് റീകൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

7. ഇടപാടുകൾ ഇല്ലാതെ കിടക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. 8 ബാങ്ക് അക്കൗണ്ടുകൾ നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. രജിസ്റ്ററുകളുടെ പരിപാലനത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ലോൺ , മുൻകൂർ രജിസ്റ്റർ അപൂർണ്ണമാണ്. അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് | 29.07.2014 | 2013-14 | 07.08.2015 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| എ.ജി ഓഡിറ്റ് | 01.01.2019 | 2017-18 | 06.03.2019 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ മുനിസിപ്പാലിറ്റികൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. മുനിസിപ്പാലിറ്റികളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.07.2025 തീയതിയിലെ ഡി.കെ.എസ്.എ./208/എം.എൽ3/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി നമ്പർ 1/24-25/04.02.2026ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മുനിസിപ്പാലിറ്റിക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

| വർഷം | സ്കീം -5<br>Health Grants Towards Support Of Diagnostic Infrastructure To Primary Health Care Facilities In Urban PHCs | സ്കീം - 6<br>Health Grants Towards Urban Health And Wellness Centres (UHWCS) | ആകെ |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 0 | 13300000 | 13300000 |
| 2023-24 | 3455000 | 2894000 | 6349000 |
| 2024-25 | 0 | 3724000 | 3724000 |
| ആകെ | 3455000 | 19918000 | 23373000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -5 | സ്കീം - 6 | ആകെ |
|---|---|---|---|
| 2021-22 | 0 | 0 | |

| | | | |
|---|---|---|---|
| 2022-23 | 0 | 0 | 0 |
| 2023-24 | | 7908310 | 7908310 |
| 2024-25 | 1933334 | 3121197 | 5054531 |
| ആകെ | 1933334 | 11029507 | 12962841. |

3) <u>നീക്കിയിരിപ്പ് വിവരം</u>

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 31.03.2025 തീയ്യതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (പലിശ ഉൾപ്പെടെ)

| **സ്കീം നം.** | **1അക്കൗണ്ട് ശീർഷകം** | **നീക്കിയിരിപ്പ് (₹)** |
|---|---|---|
| 1 | 3201001 - Grants For Specific Purposes – Health Grant Towards Conversion Of PHCs Nd Subcentres In To Health And Wellness Centres | 7661973 |
| 3 | 3201002 - Grants For Specific Purposes – Health Grant Towards Support For Diagnostic<br>InfraStructure To The PHCs | 2587122 |
| | **ആകെ** | **10249095** |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക | സ്കീം |
|---|---|---|---|
| 2022-23 | - | - | |
| 2023-24 | 3 അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളിലെ ജീവനക്കാർക്ക് വേതനം (220/24) | 2644573 | 6 |
| | അർബൻ ഹെൽത്ത്&വെൽനസ്സ് കേന്ദ്രങ്ങളുടെ വാടക(222/24) | 167001 | 6 |
| | അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കലും ടെലി കൺസൾട്ടേഷൻ സംവിധാനമൊരുക്കലും (223/24) | 12600 | 6 |
| | 3 അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളിലെ ദൈനംദിന | 300000 | 6 |

| | | | |
|---|---|---|---|
| | ചെലവുകളും ഐഇസി ബ്രാന്റിംഗ് മോണിറ്ററിംഗ് മറ്റു ചെലവുകൾ (224/24) | | |
| | 3 അർബൻ ഹെൽത്ത്&വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണ്ണീച്ചർ അനുബന്ധ സൗകര്യമൊരുക്കൽ (226/24) | 2490136 | 6 |
| | എരവിമംഗലം അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന്റെ ആവർത്തന ചെലവുകൾ (519/24) | 289000 | 6 |
| | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ (520/24) | 1800000 | 6 |
| | ക്യാൻസർ കെയർ പദ്ധതി (521/24) | 205000 | 6 |
| 2024-25 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ (604/25) | 289316 | 6 |
| | 3 അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളിലെ ദൈനംദിന ചെലവുകളും ഐഇസി ബ്രാന്റിംഗ് മോണിറ്ററിംഗ് മറ്റു ചെലവുകൾ (609/25) | 200000 | 6 |
| | 3 അർബൻ ഹെൽത്ത്&വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണ്ണീച്ചർ അനുബന്ധ സൗകര്യമൊരുക്കൽ (610/25) | 598535 | 6 |
| | അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളുടെ വാടക (611/25) | 335872 | 6 |
| | എരവിമംഗലം അർബൻ പ്രൈമറി ഹെൽത്ത് സെന്ററിലും 3 ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (612/25) | 1933334 | 5 |
| | 3 അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളിലെ ജീവനക്കാർക്ക് വേതനം (613/25) | 657919 | 6 |
| | 3 അർബൻ ഹെൽത്ത്&വെൽനസ്സ് സെന്ററുകളിലേക്ക് മെഡിസിൻ ലഭ്യമാക്കൽ (614/24) | 500000 | 6 |
| | ഏണിപ്പാറ ഹെൽത്ത്&വെൽനസ്സ് സെന്റർ നവീകരണം | 539555 | 6 |

| | | | |
|---|---|---|---|
| | (675/25) | | |

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2024-25 | ഏണിപ്പാറ ഹെൽത്ത്&വെൽനസ്സ് സെന്റർ നവീകരണം (675/25) | 539555 |

മുനിസിപ്പാലിറ്റിയിലെ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പ്രൊജക്ടുകളുടെ മോണിറ്ററിങ്ങ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ, ആരോഗ്യ ഗ്രാന്റിന്റെ പ്രവർത്തനങ്ങളുടെ നിർവ്വഹണ പുരോഗതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്നതുൾപ്പടെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും മിനുട്സും രേഖകളും ഹാജരാക്കാനാവശ്യപ്പട്ടുവെങ്കിലും ആയവ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
നഗരസഭയിൽ പ്രവർത്തനം ആരംഭിച്ച 3 അർബൺ ഹെൽത്ത് വെൽനസ്സ് സെന്ററുകളിൽ സപ്പോർട്ടിംഗ് സ്റ്റാഫുകളായി 3 പേരെ നഗരസഭ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകി വരുന്നുണ്ട്. വേതനം ഇനത്തിൽ ഹെൽത്ത് ഗ്രാന്റിൽ നിന്നും 2024-25 വർഷത്തിൽ 657919 രൂപ ചെലവഴിച്ചിട്ടുണ്ട്.
ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മുനിസിപ്പൽ പെൻഷൻ ഫണ്ട് - അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.05.2024 തീയതിയിലെ ഡി.കെ.എസ്. എ./2078/ എം.എൽ.3/2024 നമ്പർ കത്തിലെ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പെരിന്തൽമണ്ണ നഗരസഭയുടെ മുനിസിപ്പൽ പെൻഷൻ ഫണ്ട് സംബന്ധിച്ച (സ്ഥാപനം ഹാജരാക്കിയ രേഖകളുടേയും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/11-02.2026) ലഭ്യമാക്കിയ മറുപടിയുടേയും അടിസ്ഥാനത്തിലുള്ള) വിവരങ്ങൾ താഴെ ചേർക്കുന്നു.

1) 2024-25 സാമ്പത്തിക വർഷം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് 11-02-2026 ന് 13 ാം നമ്പർ ഓഡിറ്റ് എന്ക്വയറി നൽകിയിരുന്നെങ്കിലും നിശ്ചിത പ്രൊഫോർമയിൽ ക്രോഡീകരിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) നാളിതു വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിവരങ്ങളും, പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുവാൻ ഓരോ സാമ്പത്തിക വർഷവും ചെലവായ തുക സംബന്ധിച്ചുള്ള

വിവരങ്ങളും ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും റഗുലർ വിഭാഗം ജീവനക്കാരുടെ ശമ്പളത്തോടൊപ്പം അതത് മാസത്തെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കൂടി ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിന്റെ 79901140007305 നമ്പർ അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ടെന്നാണ് അറിയിച്ചത്. നിശ്ചിത പ്രൊഫോർമയിൽ ക്രോഡീകരിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാതു നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ പെരിന്തൽമണ്ണ നഗരസഭ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് യഥാസമയം വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്.

3)ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് മാത്രമായി തുക വിനിയോഗിച്ച് വരുന്നില്ല.സാമ്പത്തികമായി ഞെരുക്കം നേരിടുന്ന സ്ഥിതി വിശേഷമായതിനാൽ തനത് ഫണ്ടിൽ നിന്നും പെൻഷൻ സമയബന്ധിതമായി അനുവദിക്കുകയാണ് ചെയ്യുന്നത്.

4). പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9-ാം ചട്ടത്തിലെ (3) ും (4) ും ഉപ ചട്ടങ്ങൾ അനുസരിച്ച് ഡയരക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെന്റ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ).ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പെൻഷൻ ഫണ്ടും നഗരസഭയിൽ ആരംഭിച്ചിട്ടില്ല.

5). രജിസ്റ്ററുകളുടെ സുക്ഷിപ്പ്.

A). നഗരസഭയിൽ റഗുലർ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ, കണ്ടിജന്റ് സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തി 01-04-2024 മുതൽ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ച് വരുന്നുണ്ട്.

B). പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വേരിഫിക്കേഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6). റഗുലർ/കണ്ടിജന്റ് പെൻഷൻ , ഫമിലി പെൻഷൻ എന്നിവ കൈപ്പറ്റുന്നവരുടെ പെൻഷൻ തുക, അക്കൗണ്ട് നമ്പർ, എന്നിവ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കി. കേരള ട്രഷറി കോഡ് വോള്യം I ചട്ടം 273 (എ, ബി) പ്രകാരമുള്ള രജിസ്റ്ററുകൾ, ചട്ടം 280 (എ) പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്നുണ്ട്. ചട്ടം 287, 288 പ്രകാരമുള്ള വാർഷിക മസ്റ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7). ഓഡിറ്റ് കാലയളവിൽ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 2007 പ്രകാരമുള്ള ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എങ്കിലും K SMART ലെ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ നിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

8). നഗരസഭയിൽ നിന്നും പെൻഷൻ വിതരണം ചെയ്യപ്പെടുന്ന എല്ലാ പെൻഷൻകാരുടേയും പെൻഷൻ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

മുനിസിപ്പൽ പെൻഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതും ആയതിന്റെ വാർഷിക അക്കൗണ്ട് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-13 ഗവ.ആയൂർവേദ ഹോസ്പിറ്റൽ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

ഗവ.ആയൂർവേദ ഹോസ്പിറ്റൽ, പെരിന്തൽമണ്ണ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ, വരവ് ചെലവുകൾക്ക് ആധാരമായ വൗച്ചറുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 45/20.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വരവ് ചെലവ് കണക്കുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല

ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള (അക്കൗണ്ട് നമ്പർ- 15370100206168) പണം പിൻവലിക്കലുകൾ പരിശോധിച്ചപ്പോൾ, ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള പണം പിൻവലിക്കലുകൾ ബന്ധപ്പെട്ട അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയതി | ചെക്ക് നമ്പർ | ബാങ്കിൽ നിന്നും പിൻവലിച്ച തുക |
|---|---|---|---|
| 1 | 25.02.2025 | രേഖപ്പെടുത്തിയിട്ടില്ല | 3352 |
| 2 | 12.03.2025 | രേഖപ്പെടുത്തിയിട്ടില്ല | 10586 |
| 3 | 12.03.2025 | രേഖപ്പെടുത്തിയിട്ടില്ല | 1452 |
| 4 | 12.03.2025 | രേഖപ്പെടുത്തിയിട്ടില്ല | 9015 |
| 5 | 20.03.2025 | രേഖപ്പെടുത്തിയിട്ടില്ല | 34944 |
| 6 | 16.04.2025 | രേഖപ്പെടുത്തിയിട്ടില്ല | 4450 |
| 7 | 25.04.2025 | രേഖപ്പെടുത്തിയിട്ടില്ല | 3350 |
| 8 | 15.05.2025 | രേഖപ്പെടുത്തിയിട്ടില്ല | 10151 |
| 9 | 15.05.2025 | രേഖപ്പെടുത്തിയിട്ടില്ല | 12825 |
| 10 | 03.06.2025 | രേഖപ്പെടുത്തിയിട്ടില്ല | 13031 |
| 11 | 14.07.2025 | രേഖപ്പെടുത്തിയിട്ടില്ല | 12381 |
| 12 | 13.08.2025 | രേഖപ്പെടുത്തിയിട്ടില്ല | 10050 |
| 13 | 10.09.2025 | രേഖപ്പെടുത്തിയിട്ടില്ല | 25519 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/19.02.2026) മറുപടി ലഭ്യമാക്കിയില്ല. പണം പിൻവലിക്കലുകൾ ബന്ധപ്പെട്ട അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ

രേഖപ്പെടുത്താത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്

1.വാർഷിക കണക്ക് I (19 ) പ്രകാരം Prior Period Income ഇനത്തിന്റെ (2801001) ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ ജേർണൽ എൻട്രി മുഖേന ഡെബിറ്റ്/ ക്രെഡിറ്റ് ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| HEAD CODE | VOUCHER NO/DATE | HEAD DETAILS | DEBIT | CREDIT | REMARK |
|---|---|---|---|---|---|
| 3111101 | J-M100100-25000838/31-03-2025 | Distress Relief Fund | | 13962 | BEING EXCESS LIABILITY CORRECTION AS ON 31/3/24 |
| 3201004 | J-M100100-25000865/31-03-2025 | Central Finance Commission Grant - Tied | | 770979 | BEING PRE-YEAR EXCESS LIABILITY REDUCE |
| 3201020 | J-M100100-25000847/31-03-2025 | Intergrated Child Development Service | | 116289 | J-M100100-25000812 REVERSE |
| 3201050 | J-M100100-25000822/31-03-2025 | Grants Contributions For Specific Purposes - Central | | 11942735 | Being Pre Year Nulm Pmay And Other Grants Excess Liability Transfer To Prior |

| | | | | | |
|---|---|---|---|---|---|
| | | Government | | | Period For Accounts Correction |
| 3203001 | J-M100100-25000804/31-03-2025 | Grant From Other Government Agencies | | 578475 | 22/Oct/2021 V.No: 121010500423 30/Sep/2020 V.No: 120010500361 Online Education Project K S F E File No P C1-17 107/2020Reinsta Lling Of Modular Rack At Urban Phsc Perinthalmanna Pw1/18026/19 |
| 3208010 | J-M100100-25000760/31-03-2025 | Beneficiary Contribution | | 7806368 | Being Pre- Year Excess Liability Reduce As On 31/3/24 Rs 7806368 |
| 3208096 | J-M100100-25000834/31-03-2025 | Other Grants & | | 197850328 | Being 1/4/2009 To 31/3/24 |

| | | | | | | |
|---|---|---|---|---|---|---|
| | | | Contributions For Specific Purpose | | | Income Jv Note Passed Every Year NULM PMAY CENSUS KILA ELECTION EXPENSE RECOOUPE AMOUNT EXCEES LIABILITY CORRECTION RS 197850328 TRAFR TO PRIOR PERIOD |
| | 3208099 | J-M100100-25000833/31-03-2025 | Other Grants & Contributions For Specific Purpose | | 2843223 | Capital Grant Under UIDSMT As On 31/3/24 Balnc Transfer To Prior Priod,S B I-UIDSSMT -1-67053771350 Acnt Closed On |

| | | | | | |
|---|---|---|---|---|---|
| | | | | | 2/2/20 Rs2628278 Transfer To Pmay Idbi Flat Acnt.This Liability Boked B-4 Pmay Head |
| 3502027 | J-M100100-25000855/31-03-2025 | Recoveries Payable - Pandemic/ Epidemic | | 297326 | Being Counsilers Covisd Revovery Transfer To Own Fund Revenue,, Govt Oredr Issued On 21-122 Financial Year |
| 3503008 | J-M100100-25000775/31-03-2025 | Government And Other Dues Payable - CGST | | 31781 | BEING EXCESS LIABILITY COR REWCTION |
| 3503009 | J-M100100-25000775/31-03-2025 | Government And Other | | 39701 | BEING EXCESS |

| | | | | | |
|---|---|---|---|---|---|
| | | Dues Payable - SGST | | | LIABILITY COR REWCTION |
| 3504001 | J-M100100-25000691/31-03-2025 | Refunds Payable - Property Tax | 11047 | | PRE-YEAR EXCESS RECIEPT REPAYMENT LIABILITY CORRECTION |
| 3504002 | J-M100100-25000742/31-03-2025 | Refund Payable - Profession Tax | 21120 | | Correction |
| 3504099 | J-M100100-25000742/31-03-2025 | Refund Payable - Others | 241966 | | Correction |
| 4311902 | J-M100100-25000758/31-03-2025 | Receivables For Profession Tax - Institutions/ Traders (Arrears) | 904962 | | OB Correction |
| 3208096 | J-M100100-25000803/31-03-2025 | Donations To CMDRF | | 392452 | Being Excess Liability Of Against Ccovid Donation |

| | | | | | |
|---|---|---|---|---|---|
| | | | | | Bank Acount 8535 Transfer To Prior Period Incomr |
| 4313004 | J-M100100-25000757/31-03-2025 | Receivable For License Fees (Arrears) | 78015 | | OB Correction |
| 4314002 | J-M100100-25000535/31-03-2025 | Rent Receivable From Buildings (Arrears) | | 112894 | BEING 23-24 CLOSING CURRENT 2258 324+ARREAR 304808= TOTAL 2563132 AS PER SECTION DCB RS 2676026 DIFFRENCE SHORT DEMAND RS 112894 DEMAND ARISING JOURNAL |

| | | | | | |
|---|---|---|---|---|---|
| 4605009 | J-M100100-25000752/31-03-2025 | Unauthorized Debt | | 50002 | Correction |

2. 2808001-Prior Period Expenses ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ 31.03.2025ന് ജേർണൽ എൻട്രി മുഖേന ഡെബിറ്റ്/ ക്രെഡിറ്റ് ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| HEAD CODE | VOUCHER NO/DATE | HEAD DETAILS | DEBIT | CREDIT | REMARK |
|---|---|---|---|---|---|
| 3501002 | J-M100100-25000650/31-03-2025 | Contractors Control Account | | 1800000 | BEING PREVIOUS EXCES LIABILITY CORRECTION |
| 3501101 | J-M100100-25000648/31-03-2025 | Gross Salary Payable | | 3502839 | BEING PREVIOUS EXCESS LIABILITY REDUCE |
| 3501106 | J-M100100-25000676/31-03-2025 | Contribution To Central Pension Fund Payable | | 161330 | BEING PRE-YEAR EXCESS LIABILITY REDUCE |
| 3501108 | J-M100100-25000786/31-03-2025 | Provident Fund Payable | | 3013020 | Being Previous Uyear Excess Balance Reduce Jv |

| | | | | | |
|---|---|---|---|---|---|
| 3501116 | J-M100100-25000787/31-03-2025 | Pension Contribution Payable | | 719588 | Being Excess Liability Reduce |
| 3502024 | J-M100100-25000856/31-03-2025 | Recoveries P Ayable- Other Recoveries From Employees | | 258340 | As On 31/3/24 Stamp Recovery Transfer Actual Head Rs 40645 Balance Rs 258340 Transfer Prior Period Nps And Other Exces Recoveries |
| 3502025 | J-M100100-25000774/31-03-2025 | Recoveries Payable - Income Tax Deducted At Source | | 115678 | BEING EXCESS LIABILITY CORRECTION |
| 3502025 | J-M100100-25000773/31-03-2025 | Recoveries Payable - Income Tax Deducted At Source | 487432 | | BEING OB CORRECTION |
| 3502028 | J-M100100-25000854/31-03-2025 | Recoveries Payable - | | 51188 | As On 31/3/24 Excess |

| | | | | | |
|---|---|---|---|---|---|
| | | Other Recoveries | | | Liability<br>Reduce<br>Contributory<br>Pension And<br>Payment<br>Cancellation And<br>Other Own Fund<br>Repayment |

മേൽ പരാമർശിച്ചിട്ടുള്ള ജേണൽ എൻട്രികൾ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/11.02.2026) മറുപടി ലഭ്യമാക്കിയില്ല. ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല

നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ " അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ " (പ്രൊജക്ട് നം. 610/25) എന്ന പദ്ധതി പ്രവർത്തനം ഹെൽത്ത് ഗ്രാന്റിൽ നിന്ന് 5,98,535 രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്. അതിൽ 1,68,916 രൂപ പ്രിന്റർ, അലമാര, എയർ കണ്ടീഷണർ എന്നിവ വാങ്ങുന്നതിന് ഉപയോഗിച്ചിട്ടുള്ളതാണ്. എന്നാൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ പ്രസ്തുത പ്രൊജക്ടിന്റെ പ്രവൃത്തിയുടെ മൂല്യം “Capital Contribution”(Head-3121001) എന്ന ശീർഷകത്തിൽ ചേർത്തതായി കാണുന്നില്ല. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിന് കാരണമാകുന്നത് 26.07.2011 ലെ ജി.ഒ.(എം.എസ്) നം.152/11/തസ്വഭവ പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/19.02.2026) അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ (പ്രൊജക്ട് നം. 610/25) പദ്ധതി നടപ്പിലാക്കുന്നതിനായി തുക ചെലവഴിച്ച സമയത്ത് പ്രൊജക്റ്റും ബജറ്റും പരസ്പരം

ബന്ധപ്പെട്ട് നിൽക്കുന്നതിനാൽ പദ്ധതി എന്റർ ചെയ്യുന്ന സമയത്ത് തന്നെ ഹെഡ് കൃത്യമാക്കാത്തത് കാരണമാണ് നിർവഹണ സമയത്ത് ഇങ്ങനെ പ്രതിഫലിച്ചതെന്നും ഓഡിറ്റ് പരാമർശം പ്രകാരം ഹെഡിൽ കൃത്യത വരുത്തുന്നതും തുടർ ഫയലുകളിൽ അത്തരം ചെലവുകൾ കൃത്യം ആക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കൃത്യത വരുത്തി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ 31.03.2025 തീയ്യതിയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ ശീർഷകങ്ങളുടെ ലെഡ്ജർ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകളിൽ താഴെപ്പറയുന്ന തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് ശീർഷകം | 31.03.2025 തീയ്യതിയിലെ നീക്കിയിരിപ്പ് തുക (₹) |
|---|---|---|
| 1 | Festival Advance To Employees | 84000 |
| 2 | Marriage Loan | 42537 |
| 3 | Temporary Advances For Official Purposes | 5827754 |
| 4 | Water Deposits | 14840000 |

A) Festival Advance ഇനത്തിൽ അവശേഷിക്കുന്ന 84000 രൂപ ഏതെല്ലാം ജീവനക്കാർ കൈപ്പറ്റിയ തുകയാണെന്നും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം, തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

B) മേൽ പട്ടികയിലെ ക്രമ നമ്പർ 2,3 പ്രകാരം അഡ്വാൻസ് നൽകിയത് ആർക്കെല്ലാമാണെന്നുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

C) ക്രമ നമ്പർ 4 ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകൾ ഏതെല്ലാം പ്രവൃത്തികൾക്ക് നൽകിയ തുകയാണെന്ന വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

D) വിവിധ ഇനങ്ങളിലായി അവശേഷിക്കുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/16.02.2026) അഡ്വാൻസ് രജിസ്റ്റർ കോപ്പി ലഭ്യമാക്കിയെങ്കിലും മേൽ പരാമർശിച്ച തുകകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 തനതു ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ ബാങ്ക് ബുക്കിൽ പ്രതിഫലിക്കുന്നില്ല.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ തനതു ഫണ്ട് അക്കൗണ്ടായ സൗത്ത് ഇന്ത്യൻ ബാങ്കിൽ (അക്കൗണ്ട് നമ്പർ- 0329053000014648) നിന്നുള്ള പണം പിൻവലിക്കൽ പരിശോധനയിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു -

ബാങ്ക് സ്റ്റേറ്റ്മെന്റ് പകാരമുള്ള പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | തിയ്യതി | ചെക്ക് നമ്പറുകൾ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച ആകെ തുക |
|---|---|---|---|
| 1 | 04-04-2025 | 1148951,1 | 3270293 |
| 2 | 04-04-2025 | 1148952,1 | 421403 |
| 3 | 01.07.2025 | 1148981,1 | 502957 |
| 4 | 01.08.2025 | 1148990,1 | 1797454 |
| 5 | 02.08.2025 | 1148991,1 | 263718 |
| 6 | 02.09.2025 | 1 | 34000 |
| 7 | 03.09.2025 | 1149010,1 | 467427 |
| 8 | 03.10.2025 | 1162123,1 | 425698 |
| 9 | 03.11.2025 | 1162145,1 | 4280327 |
| 10 | 04.11.2025 | 1162148,1 | 51200 |
| 11 | 02.12.2025 | 1162179,1 | 514783 |
| 12 | 01.01.2026 | 1 | 1539341 |
| 13 | 03.02.2026 | 1162219,1 | 2835279 |

| | | | |
|---|---|---|---|
| 14 | 03.02.2026 | 1162215,1 | 1278003 |
| 15 | 03.02.2026 | 1162214,1 | 37777 |
| 16 | 03.02.2026 | 1162212,1 | 124511 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 ചെലവ് തുക വരവ് തുകയേക്കാൾ അധികരിക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഡെവലപ്പ്മെന്റ് ഫണ്ട് - എസ്.സി.പി ഇനത്തിൽ കെ സ്മാർട്ടിൽ നിന്നും ലഭ്യമായ എ.സി.ആർ പ്രകാരം 14367400/- രൂപ വരവുണ്ട്. എന്നാൽ സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം 20076742/- രൂപ ഈ ഇനത്തിൽ ചെലവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ചെലവ് തുക വരവ് തുകയേക്കാൾ കൂടുതലായതിന്റെ കാരണം വ്യക്തമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/16.02.2026) ഡെവലപ്പ്മെന്റ് ഫണ്ട് - എസ്.സി.പി അലോകേഷൻ വരുന്ന സമയത്ത് അക്കൗണ്ടന്റ് വെരിഫൈ എന്നും സെക്രട്ടറിയുടെ ലോഗിനിൽ അപ്പ്രൂവ് എന്നും രേഖപ്പെടുത്തി സേവ് ചെയ്യേണ്ടതുണ്ട്. സാങ്കേതികമായി ചെയ്യേണ്ട ടി. പ്രവർത്തി ചെയ്യാത്തതിനാൽ മാത്രമാണ് എ.സി.ആർ-ൽ വരവു പ്രതിഫലിക്കാതിരുന്നത് എന്നും മുൻവർഷത്തെ എൻട്രി നിലവിൽ ചെയ്യാനാവാത്ത സാഹചര്യം ഉള്ളതിനാൽ ഐ.കെ.എം-നെ അറിയിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 Receivables From Government (Redemption) ഇനത്തിലെ തുക തിരികെ ലഭ്യമായില്ല.

വാർഷിക കണക്കിലെ Receivables From Government (Redemption) പ്രകാരം 2023-24 വർഷത്തിൽ 14,70,037/- രൂപയും(B-15), 2024-25 വർഷത്തിൽ 63,55,931/- രൂപയും (88,77,371/-(P-24) - 25,21,440/-(R-20)) കൂടി ആകെ 78,25,968/- രൂപ (Schedule B-14) തിരികെ ലഭിക്കാനുണ്ട്. ടി തുക ലഭ്യമായതായി കാണുന്നില്ല. തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/19.02.2026) ട്രഷറി അക്കൗണ്ട് നമ്പറായ 79901300000588 ൽ നിന്നും 2023-24 വർഷത്തിൽ Redemption ആയ 840480/- രൂപ 03/04/2024 ന് തിരികെ ലഭിച്ചിട്ടുള്ളതാണെന്നും , 2024-25 വർഷത്തിൽ ട്രഷറിയുടെ 588 അക്കൗണ്ടിൽ നിന്നും Redemption ചെയ്ത 7165671/-രൂപ 03/04/2025 ന് തിരികെ ലഭിച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന Redemption തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 നഗരസഭാ ഫണ്ട് ഷെഡ്യൂൾഡ് ബാങ്കിൽ സൂക്ഷിക്കുന്നു.കാരണം വ്യക്തമാക്കേണ്ടതാണ്.

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17 (2)-ൽ നഗരസഭയിൽ ലഭിക്കുന്ന എല്ലാ പണവും സർക്കാർ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലോ (അക്കൗണ്ടുകളിലോ) ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് നിക്ഷേപിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ തനത് ഫണ്ട് സൗത്ത് ഇന്ത്യൻ ബാങ്ക് (അക്കൗണ്ട് നമ്പർ- 0329053000014648), ഫെഡറൽ ബാങ്ക് (അക്കൗണ്ട് നമ്പർ- 15370100206168) എന്നിവയിൽ ആണ് നിക്ഷേപിക്കുന്നത്. കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/16.02.2026) അക്കൗണ്ടുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ

ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്. സ.ഉ(സാധാ) നം. 1228/2024/LSGD തിയതി 06.07.2024 പ്രകാരം മുനിസിപ്പാലിറ്റികളിലെ K-Smart വഴിയുള്ള വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ 2024 സെപ്തംബർ 30-നകം പൂർത്തീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതുമാണ്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചും കെട്ടിങ്ങളെ/വസ്തു നികുതി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നഗരസഭയുടെ കെ-സ്മാർട്ടിൽ ഉൾപ്പെടുത്തേണ്ടത് സംബന്ധിച്ചുമാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്.

മേൽ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് നഗരസഭ പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും വിവരങ്ങളും ഫീൽഡ് പരിശോധനക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/10.02.2026) നഗരസഭ പരിധിയിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് നിലവിൽ വാർഡ് ചുമതലയുള്ള ഓവർസിയർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും അവധി

ദിനങ്ങളിലെ അനധികൃത പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഓരോ മാസവും ഓവർസിയർമാരായ അന്വേഷണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി ഉത്തരവ് നൽകിയിട്ടുള്ളതുമാണെന്നും നിലവിൽ കെ സ്മാർട്ട് മുഖേനയും മുൻപ് ഐ.ബി.പി.എം. സ് വഴിയുമാണ് പെർമിറ്റ് / ഒക്യുപൻസി നൽകി വരുന്നതെന്നും ഇവ രണ്ടിലും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് മൊഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് ചെയ്യുന്നതിന് ഫയലുകൾ സോർട്ട് ചെയ്യുന്നതിന് നിലവിൽ പ്രയാസം നേരിടുന്നുണ്ട് എന്നും ആയതിനാൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് സാധ്യമായിട്ടില്ലാത്തതാണ് എന്നും ആയത് ഉൾപ്പെടുത്തി നൽകുന്നതിനായി മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഐ.കെ.എമ്മിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ് എന്നും ആയതു കൊണ്ട് നിലവിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച പരിശോധനകൾ മാത്രമാണ് നടത്തി വരുന്നത് എന്നും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്ന പക്ഷം നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നും ഇതുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്ന് പ്രത്യേകമായി തുക ചെലവഴിച്ചിട്ടില്ലാത്തതാണ് എന്നുമുള്ള മറുപടി ലഭ്യമാക്കി. ടി. വിഷയത്തിൽ ഐ.കെ.എം-ൽ നിന്നും മറുപടി ലഭ്യമാക്കി തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ

മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311 ൽ വ്യക്തമാക്കിയതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 310 പ്രകാരം നിർവചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കൽ ലാബറട്ടറി, എക്സ്റേ യൂനിറ്റ്, രക്ത ബാങ്ക്,സ്കാനിംഗ് സെന്റർ, നഴ്സിംഗ് സ്കൂൾ, അതത് വിഷയങ്ങളെ സംബന്ധിച്ച പരിശീലന കേന്ദ്രങ്ങൾ എന്നിവ നഗരസഭയിൽ നിന്ന് രജിസ്ട്രേഷൻ നേടേണ്ടതുണ്ട്.

1) അനധികൃത സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനം എന്നിവയ്ക്ക് മുനിസിപ്പാലിറ്റി നിയമം വകുപ്പ് 314 പ്രകാരം 5000 രൂപവരെയുള്ള പിഴയും കുറ്റ സ്ഥാപനം നടത്തപ്പെട്ട ശേഷം വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്നുവെങ്കിൽ കുറ്റം തുടർന്നു ചെയ്യുന്ന ഓരോ ദിവസത്തിനും 1000 രൂപ

വരെയുള്ള പിഴയും നൽകി ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) സ്വകാര്യ ആശുപത്രികളുടെയും. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കെസ്മാർട്ട് ,ലഭ്യമാക്കിയ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

താഴെ പരാമർശിച്ച സ്ഥാപനങ്ങൾ 2023-24 വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ആയവ 2024- 25 വർഷത്തിൽ പുതുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 10/23 | Lustere Eye Care And Poly Clinic |
| 2 | 13/23 | Ayur Vaidya Mana Healing Centre & Resorts |
| 3 | 14/23 | Janani Homoeo Clinic |
| 4 | 16/23 | Al Shahama Eye Hospital |
| 5 | 17/23 | Medicina Homoeopathy |
| 6 | 20/23 | Medivision Laboratory |
| 7 | 22/23 | Neoskin & Speciality Centre |
| 8 | 23/23 | Neethi Lab Near Alsalama Hospital |
| 9 | 24/23 | Bhramari Ayurveda Clinic & Shop |
| 10 | 25/23 | Metropolis Health Care Limited |
| 11 | 27/23 | Mithra Homoeopathy |
| 12 | 29/23 | Ideal School Of Accupunture |
| 13 | 30/23 | Almarra Unani Clinic |
| 14 | 31/23 | Travancore Hearing Solution |
| 15 | 32/23 | Navya Diagnostic Centre |
| 16 | 33/23 | Revive Wellness Clinic |
| 17 | 34/23 | Nudarma Skin & Hair Cosmatology Clinic |
| 18 | 35/23 | NPMED Health Care LLP |
| 19 | 36/23 | Medicina Homoeopathy |

| | | |
|---|---|---|
| 20 | 38/23 | Aanchal Hearing Care Pvt.Ltd |
| 21 | 39/23 | Ayurarogyam Ayurvedic |
| 22 | 40/23 | Kims Alshifa Health Care Pvt. Ltd |
| 23 | 41/23 | Royal Multy Speciality Dental Clinic |
| 24 | 66/23 | Sidharth Dental Clinic |
| 25 | 69/23 | Amrit Health Care, KIMS Avenue |
| 26 | 71/23 | Skin Care Centre |
| 27 | 72/23 | Oris Digital OPG Centre |
| 28 | 73/23 | Rahath Dental Clinic |
| 29 | 74/23 | J J Hospital For Children |
| 30 | 75/23 | Amrutham Ayurvedic Hospital |
| 31 | 76/23 | Kuriens Total Oral Health Care |
| 32 | 77/23 | Shifa Homoeopathic Clinic |
| 33 | 78/23 | Valamboor Pharmacy |
| 34 | 79/23 | New Clinic |
| 35 | 80/23 | Malabar Dental Clinic |
| 36 | 81/23 | Sudharma Metropolis Service Pvt. Ltd |
| 37 | 82/23 | Service X-Ray & Lab |
| 38 | 83/23 | Wellcare Laboratory & Diagnostic Centre |
| 39 | 84/23 | Mediplus Super Speciality Laboratory |
| 40 | 85/23 | Fathima Dental Clinic |
| 41 | 87/23 | AyushBodhi |
| 42 | 88/23 | Perinthalmanna Nursing Home |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ പാരമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുകയോ /പുതുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/17.02.2026) പെരിന്തൽമണ്ണ നഗരസഭാ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരിശോധന നടത്തി ലൈസൻസ് എടുപ്പിക്കുന്നതിന് നോട്ടീസ് നൽകി നടപടികൾ

സ്വീകരിച്ചിട്ടുള്ളതാണ് എന്നും 2023-2024 വർഷങ്ങളിൽ 42 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ആയതിൽ കൂടുതൽ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിർത്തിയിട്ടുള്ളതാണ് എന്നും ചില സ്ഥാപനങ്ങൾ അഞ്ചുവർഷത്തേക്ക് 500/- രൂപ ഫീ അടവാക്കി പുതുക്കിയിട്ടുള്ളതും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ് എന്നും തുടർന്നുവരുന്ന ഓഡിറ്റ് പരിശോധന വേളയിൽ രജിസ്റ്റർ കൃത്യമാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച സ്ഥാപനങ്ങൾ പാരമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുകയോ /പുതുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർ നടപടി വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകതകൾ.

മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507 ൽ വ്യക്തമാക്കിയതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 506 പ്രകാരം നിർവചിച്ചിട്ടുണ്ട്.

നഗരസഭയുടെ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ / രജിസ്ട്രേഷൻ പുതുക്കൽ ഇനത്തിലായി വാർഷിക കണക്ക് പ്രകാരം ആകെ 700 രൂപയാണ് വരവുള്ളത്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 5600 രൂപയുടെ വരവുള്ളതായി കാണുന്നു. ബാക്കി തുക അക്കൗണ്ട് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2024-25 ൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ എന്നിവയ്ക്ക് ലഭിച്ച അപേക്ഷകൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/17.02.2026) 2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/പുതുക്കൽ എന്നിവക്കായി 700/- രൂപയാണ് വരവ് വന്നതെന്നും, എന്നാൽ രജിസ്റ്ററിൽ 5400/- രൂപയാണ് വരവുള്ളതാണെന്നും അറിയിച്ചു. ഡിമാൻഡ് ചെയ്തപ്പോൾ ഹെഡ് തെറ്റായി രേഖപ്പെടുത്തിയത് കാരണമാണ് വരവ് കുറയാൻ കാരണമായതെന്നും ആയത് ഹെഡ് കൃത്യമാക്കി രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചു. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 തൊഴിൽ നികുതി അപാകതകൾ

2024-25 ലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് നഗരസഭ ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1). യഥാർത്ഥ തൊഴിൽ നികുതി കുടിശ്ശിക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിലെ വരവ് വിവരം താഴെ നൽകുന്നു.

| **ഇനം** | **ഡിമാന്റ് (₹)** | **കളക്ഷൻ (₹)** | **ബാലൻസ് (₹)** | **വാർഷിക കണക്കു പ്രകാരം ബാലൻസ് (₹)** |
|---|---|---|---|---|
| Profession Tax (Instituitions, Professionals, Traders)-Arrear | 2240103 | 1335141 | 904962 | 0 |

ബാലൻസ് തുക വാർഷിക കണക്കിൽ വ്യത്യാസപ്പെട്ടതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2). 2005ലെ കേരളാ മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ രജിസ്റ്റർ അപൂർണ്ണമാണ്. രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കിയ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല, വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല.

3) വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഓരോ സ്ഥാപനത്തിലും ജോലി ചെയ്യുന്നവരുടെ കൃത്യമായ എണ്ണം എത്രയാണെന്ന് പരിശോധിക്കാനും അവർ കൃത്യമായ തൊഴിൽ നികുതി അടവാക്കുന്നുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ ഡിമാൻ്റ്, വരവ് എന്നിവ ഉണ്ട്. എന്നാൽ തൊഴിൽ നികുതി അരിയർ ഡിമാൻ്റ് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിലെ വരവ് നീക്കിയിരുപ്പ് എന്നിവയുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

5) ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 5,6,8,9 എന്നിവ പ്രകാരം തൊഴിൽ നികുതി സംബന്ധിച്ച് ഫോറം 1, II, V, VI എന്നിവ പ്രകാരം നോട്ടീസ് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകിയ സ്ഥാപനങ്ങളുടെ/വ്യക്തികളുടെ വിവരം, നോട്ടീസ് നൽകിയ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) നികുതി ഒടുക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടി വിവരം ലഭ്യമല്ല.

നഗരസഭാപരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ, നികുതി ഒടുക്കാത്തവർക്കെതിരെ സ്വീകരിച്ച തുടർനടപടികൾ എന്നിവ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) മുനിസിപ്പാലിറ്റി പരിധിയിൽ തൊഴിൽ ചെയ്യുന്ന താഴെപ്പറയുന്നവരുടെ ഡാറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

A) അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ
B) പൊതുവിൽപ്പന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങൾ
C) 1956-ലെ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യാപാരത്തിലോ, തൊഴിലിലോ ഏർപ്പെട്ടിട്ടുള്ള കമ്പനികൾ
D) വിദേശ മദ്യഷാപ്പുകൾ, ബാർ ഹോട്ടലുകൾ, നക്ഷത്രഹോട്ടൽ എന്നിവ നടത്തുന്നവർ
E) പെട്രോൾ, ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുന്നവർ
F) ചലച്ചിത്ര സ്റ്റുഡിയോ നടത്തുന്നവർ, ചലച്ചിത്ര നിർമ്മാതാക്കൾ, വിതരണക്കാർ, വർഷത്തിൽ ഒരു ചലച്ചിത്രത്തിന്റെയെങ്കിലും നിർമ്മാണവുമായി ബന്ധപ്പെട്ട സിനി ആർട്ടിസ്റ്റുകൾ
G) മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ്കാരിയേജ് അല്ലെങ്കിൽ ഗുഡ്സ്കാരിയേജ് ആയി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകൾ
8) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9) തൊഴിൽ നികുതി അടവാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമയുടെ / സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ALP School Chirattamanna | II Nd |
| 2 | ALP Manathumangalam | II Nd |
| 3 | Chillies Restaurant | I St & II Nd |
| 4 | Food Stories Restaurant | I St & II Nd |
| 5 | Golden Bakes & Restaurant | I St & II Nd |
| 6 | Le Malabar Hotel | I St & II Nd |
| 7 | Reliance Projects & Property Management Service Ltd | II Nd |
| 8 | Moulana Hospital Canteen | II Nd |
| 9 | Olive Super Market | I St & II Nd |
| 10 | Aparajitha Dynamicnsynergies Pvt Ltd. | II Nd |
| 11 | Uco Bank | II Nd |
| 12 | District Hospital, Perinthalmanna | II Nd |
| 13 | Perinthalmanna Taluk Cooperative Educational Society | II Nd |
| 14 | AMUPS Kunnappalli | I St |
| 15 | Universal Tiles & Sanitory | II Nd |
| 16 | SBI , Kozhikode Road | II Nd |
| 17 | South Indian Bank | II Nd |
| 18 | Educational Consultancy | II Nd |
| 18 | Beauty Silks | II Nd |
| 20 | IDBI Bank Ltd. | II Nd |
| 21 | Indian Overseas Bank | II Nd |

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

10).നഗരസഭ പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/11.02.2026) അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ കെ-സ്മാർട്ടിൽ പരിശോധിച്ചതിൽ ചുവടെ പട്ടികയിൽ ചേർത്ത ടെലഫോൺ ടവറുകളുടെ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ(2013) | ടവർ കമ്പനി/ ലൈസൻസിയുടെ പേര് | വസ്തുനികുതി കുടിശ്ശിക+ പിഴ തുക | നികുതി ഒടുക്കാത്ത കാലയളവ് |
|---|---|---|---|---|
| 1 | 5/464 | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ്. | 1,70,689/- | 2013 ഫസ്റ്റ് ഹാഫ് മുതൽ അടവാക്കിയിട്ടില്ല. |
| 2 | 8/446/6UAC | സുമിത്ത് ഡിജിറ്റൽ ഇൻഫ്ര സ്ട്രക്ചർ | 27,656 /- | 2017-2018 മുതൽ അടവാക്കിയിട്ടില്ല. |
| 3 | 10/261/1 | ബിജു.ടി.നായർ , ഡെപ്യൂട്ടി ജനറൽ മാനേജർ | 1,02,406/- | 2014-2015 മുതൽ അടവാക്കിയിട്ടില്ല. |
| 4 | 10/1094/4 | ഇൻഡസ് ടവേഴ്സ് ലി. | 15,648/- | 2024-25 മുതൽ അടവാക്കിയിട്ടില്ല. |
| 5 | 10/1190 | റിലയൻസ് ഇൻഫ്രാ ടെൽ ലിമിറ്റഡ്. | 2,32,598/- | 2013-2014 മുതൽ അടവാക്കിയിട്ടില്ല. |
| 6 | 16/329 | ഭാരത് എയർടെൽ ലിമിറ്റഡ്. | 49,716/- | 2019 സെക്കന്റ് ഹാഫ് |

| | | | | |
|---|---|---|---|---|
| | | | | മുതൽ അടവാക്കിയിട്ടില്ല. |
| 7 | 24/221/1 | ബിജു.ടി.നായർ , ഡെപ്യൂട്ടി ജനറൽ മാനേജർ | 2,32,332/- | 2019 ഫസ്റ്റ് ഹാഫ് മുതൽ അടവാക്കിയിട്ടില്ല. |
| 8 | 25/200/1 | ബി.എസ്.എൻ.എൽ | 19,89,414/- | 2013-2014 മുതൽ അടവാക്കിയിട്ടില്ല. |
| 9 | 25/220 | നാരായണൻ, മാനേജർ | 2,70,193/- | 2017 സെക്കന്റ് ഹാഫ് മുതൽ അടവാക്കിയിട്ടില്ല. |
| 10 | 27/684 | ബിജു.ടി.നായർ , ഡെപ്യൂട്ടി ജനറൽ മാനേജർ | 3,39,038/- | 2013-2014 മുതൽ അടവാക്കിയിട്ടില്ല. |
| 11 | 29/1/2UAC | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. | 4,46,162/- | 2013-2014 മുതൽ അടവാക്കിയിട്ടില്ല. |
| 12 | 30/256/10UAC | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്ര സ്ട്രക്ചർ | 2,18,018/- | 2020-2021 മുതൽ അടവാക്കിയിട്ടില്ല. |
| 13 | 32/17/1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. | 14,264/- | 2024-2025 മുതൽ അടവാക്കിയിട്ടില്ല. |
| 14 | 32/205/7 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. | 22,842/- | 2023-2024 മുതൽ അടവാക്കിയിട്ടില്ല. |
| 15 | 32/1350 | ഐഡിയ സെല്ലുലാർ ലിമിറ്റഡ്. (ബിജു.ടി.നായർ , ഡെപ്യൂട്ടി ജനറൽ മാനേജർ) | 68,914/- | 2023-2024 മുതൽ അടവാക്കിയിട്ടില്ല. |
| 16 | 33/453 | Hutchison Essaar Cellular | 1,37,812/- | 2014-2015 മുതൽ അടവാക്കിയിട്ടില്ല. |
| ആകെ കുടിശ്ശിക | | | 43,37,702/- രൂപ | |

മേൽ ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് കാരണം വിശദികരിക്കുന്നതിന് വേണ്ടി

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/16.02.2026) നഗരസഭ പരിധിയിൽ സ്ഥിതിചെയ്യുന്ന മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസും റവന്യൂ റിക്കവറി നോട്ടീസും നൽകിയിട്ടുള്ളതാണെന്നും മാർച്ച് 31 നുള്ളിൽ നികുതി അടവാക്കാത്ത പക്ഷം ടി. കെട്ടിടങ്ങൾക്കെതിരെ ഓൺലൈൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നും ഉള്ള മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 ഷോപ്പിങ് കോംപ്ലക്സുകളുടെ വാടക വരവ്- അപാകതകൾ

നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ളക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ / ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക രജിസ്റ്റർ പ്രകാരം ലൈസൻസികളിൽ നിന്നും 2024-25 ൽ വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വാടക കുടിശികയുടെ വിവരം ചുവടെ ചേർക്കുന്നു .

ആർ എൻ മനഴി സ്മാരക ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | മാസ വാടക | 2024-25 ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G32 | അബ്ദുൽ നാസർ | 2175 | 4/24 To 03/25 |
| 2 | G36 | ബഷീർ | 2071 | 4/24 To 03/25 |
| 3 | G39 | അബ്ദുൽ ഖാദർ | 5789 | 10/24 To 03/25 |

ടൗൺ സ്ക്വയർ കിയോസ്ക്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 2024-25ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | GK4 | ലിജേഷ് | 3308 | 08/24 To 03/25 |
| 2 | G K5 | യഹിയ | 3308 | 04/24to 03/25 |

ബൈപ്പാസ് ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | മാസ വാടക | 2024-25ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 7 | മുഹിനുദ്ദീൻ | 2205 | 04/24 To 03/25 |
| 2 | 12,13,14,15,16 | പ്രിൻസിപ്പാൾ ,മൈനോറിറ്റി കോച്ചിംഗ് സെന്റർ | രേഖപ്പെടുത്തിയിട്ടില്ല. | 04/24 To 03/25 |

ഓൾഡ് മാർക്കറ്റ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 2024-25ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 51 | മുഹമ്മദാലി | 1548 | 04/24 To 03/25 |
| 2 | 366 D | അബു | 2130 | 08/24 To 03/25 |
| 3 | 366 M | സുലൈമാൻ | 1791 | 11/24 To 03/25 |

ഹൈടെക് ഷോപ്പിംഗ് കോപ്ലക്സ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 2024-25ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G2 | അബ്ദുൾ സലാം എ | 7743 | 10/24 To 03/25 |
| 2 | G17 | അബ്ദുൾ ഖാദർ | 6336 | 04/24 To 03/25 |
| 3 | G32 | അംജദ് ബാബു | 6583 | 04/24 To 03/25 |
| 4 | G 33 | ഹാഷിം അബ്ദുൽസത്താർ | 7374 | 06/24 To 03/25 |
| 5 | F19 | മൊയ്തീൻകുട്ടി | 4225 | 04/24 To 03/25 |
| 6 | S11 | ഡെനി തോമസ് | 4200 | 04/24 To 03/25 |

| | | | | |
|---|---|---|---|---|
| 7 | S13 | ഡെനി തോമസ് | 4200 | 04/24 To 03/25 |
| 8 | S14 | ഡെനി തോമസ് | 4200 | 04/24 To 03/25 |
| 9 | S21 | ഡെനി തോമസ് | 4200 | 04/24 To 03/25 |
| 10 | S22 | ഡെനി തോമസ് | 4200 | 04/24 To 03/25 |
| 11 | S23 | ഡെനി തോമസ് | 4200 | 04/24 To 03/25 |
| 12 | S24 | ഡെനി തോമസ് | 4200 | 04/24 To 03/25 |
| 13 | S16,17,18 | വീരാൻകുട്ടി | 45851 | 01/25 To 03/25 |
| 14 | T12,13 | സെക്രട്ടറി, മെർക്കന്റൈൽ കോപ്പറേറ്റീവ് സൊസൈറ്റി | രേഖപ്പെടുത്തിയിട്ടില്ല | 04/24 To 03/25 |
| 15 | T15 | സെക്രട്ടറി, പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി | 960 | 07/24 To 03/25 |
| 16 | T17 | സെക്രട്ടറി, പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി | 960 | 04/24 To 03/25 |
| 17 | T18 | സെക്രട്ടറി, പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി | 960 | 04/24 To 03/25 |
| 18 | T30 | സെക്രട്ടറി, പ്രസ്സ് ഫോറം | രേഖപ്പെടുത്തിയിട്ടില്ല | 04/24 To 03/25 |

മോഡേൺ ഇൻഡോർ മാർക്കറ്റ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 2024-25ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 10 | മുഹമ്മദ് ഷാഫി | 2232 | 04/24 To 03/25 |

| | | | | |
|---|---|---|---|---|
| 2 | 11 | അബ്ദു റഹ്മാൻ | 1890 | 04/24 To 03/25 |
| 3 | 12 | കുഞ്ഞയമുട്ടി | 1890 | 05/24 To 03/25 |
| 4 | 18 | നാരായണൻ | 2198 | 04/24 To 03/25 |
| 5 | 22 | മുഹമ്മദ് | 2198 | 08 /23 To 03/24 |
| 6 | 23 | അബൂബക്കർ പി പി | 2198 | 04/24 To 03/25 |
| 7 | 28 | സുഹൈല ഇ കെ | 2232 | 04/24 To 03/25 |
| 8 | 29 | ഷാഹുൽ ഹമീദ് ടി | 2232 | 04/24 To 03/25 |
| 9 | 35 | സക്കീർ ഹുസൈൻ | 2232 | 04/24 To 03/25 |
| 10 | 51 | സുധേഷ് T | 2494 | 05/24 To 03/25 |
| 11 | 53 | ദിലീപ എം | 2494 | 05/24 To 03/25 |
| 12 | 54 | രാജേഷ് T | 2494 | 04/24 To 03/25 |
| 13 | 60 | അസൈനാർ | 2397 | 04/24 To 03/25 |
| 14 | 60എ) | അലി | 2397 | 04/24 To 03/25 |
| 15 | 62 | മുഹമ്മദ് ഹനീഫ | 2363 | 04/24 To 03/25 |
| 16 | 77 | അബൂബക്കർ & മൊയ്തീൻകുട്ടി | 2494 | 04/24 To 03/25 |
| 17 | 88 | ഷൗക്കത്ത് | 2363 | 04/24 To 03/25 |
| 18 | 100 | മമ്മി എം | 2625 | 04/24 To 03/25 |
| 19 | 104 | ഫിറോസ് ബാബു | 21000 | 04/24 To 03/25 |
| 20 | 113 | അൻവർ | 2648 | 06/24 To 03/25 |
| 21 | 132 | മുനീസ് | 2100 | 07/24 To 03/25 |

മൂസക്കുട്ടി ബസ് സ്റ്റാൻഡ് കിയോസ്ക്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 2024-25ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | GK12 | മുഹമ്മദലി | 5513 | 04/24 To 03/25 |
| 2 | G K15 | അരുൺ | 3308 | 04/24 To 03/25 |

നെഹ്റു സ്റ്റേഡിയം കോംപ്ലക്സ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G4 | സോമശേഖരൻ പി.പി. | 3329 | 04/24 To 03/25 |
| 2 | G15 | വേലായുധൻ ടി. | 3170 | 04/24 To 03/25 |
| 3 | G16 | അൻവർ കെ.പി. | 6652 | 01/25 To 03/25 |
| 4 | G34 | ചാമി | 2738 | 04/24 To 03/25 |

2.വാടക രജിസ്റ്ററിൽ തൻവർഷം കിട്ടേണ്ട വാടകയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. നഗരസഭയുടെ വിവിധ ഷോപ്പിങ് കോംപ്ലക്സുകളിൽ റൂമുകൾ ഒഴിഞ്ഞു കിടക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. വാടകക്കാരുമായുള്ള കരാറിൽ നിശ്ചയിച്ചുറപ്പിച്ച വാടക ഓരോ മാസവും 5ാം തീയതിക്ക് മുമ്പ് മുൻകൂറായി നൽകുണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്ന് മാസം തുടർച്ചയായി വാടക അടക്കാത്തപക്ഷം വാടകക്കാരന്റെ കുത്തകാവകാശം നഷ്ടപ്പെപ്പെടുന്നതും അങ്ങനെ മുറികൾ വീണ്ടും ലേലം/ടെണ്ടർ ചെയ്ത് നൽകുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാറിലെ മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

5. വാടക കരാറിൽ നിശ്ചയിച്ചുറപ്പിച്ച പ്രതിമാസ വാടക, ഡെപ്പോസിറ്റ് തുക അടവാക്കിയ രശീതി സംബന്ധിച്ച വിവരം എന്നിവ രേഖപ്പെടുത്തുന്നില്ല.

6. നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ളക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോകളിൽ ആർ എൻ മനഴി സ്മാരക ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ് ബൈലോ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 18/13.2.2026) വാടക വിവിധ ഷോപ്പിംഗ് കോപ്ലക്സുകളിലെ കടമുറികൾക്ക് ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും വാടക രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നതാണെന്നും ഒഴിഞ്ഞ് കിടക്കുന്ന മുറികൾ പുനർലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വാടക കരാറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതാണെന്നും അറിയിച്ചു. കരാർ പ്രകാരം വാടക കൃത്യമായും സമയബന്ധിതമായും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലംഘിച്ചാൽ കരാർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 ഷോപ്പിങ് കോംപ്ലക്സുകളുടെ കുടിശ്ശിക വാടക വരവ്- അപാകതകൾ

വാടകക്കാരുമായുള്ള കരാറിൽ നിശ്ചയിച്ചുറപ്പിച്ച വാടക ഓരോ മാസവും 5ാം തീയതിക്ക് മുമ്പ് മുൻകൂറായി നൽകുണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്ന് മാസം തുടർച്ചയായി വാടക അടക്കാത്തപക്ഷം വാടകക്കാരന്റെ കുത്തകാവകാശം നഷ്ടപ്പെപ്പെടുന്നതും അങ്ങനെ മുറികൾ വീണ്ടും ലേലം/ടെണ്ടർ ചെയ്ത് നൽകുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാറിലെ മേൽ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളുടെ കുടിശ്ശിക വാടക രജിസ്റ്റർ പ്രകാരം ലൈസൻസികളിൽ നിന്നും വാടക കുടിശ്ശികയിനത്തിൽ (31.03.2025 ൽ ) തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

**ആർ എൻ മനഴി സ്മാരക ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | മാസ വാടക | 31.03.2025 ൽ വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G14 | ജയപ്രകാശ് | 5250 | 15750 |
| 2 | G15 | വാസുദേവൻ | 2019 | 2019 |
| 3 | G11 | അബ്ദുൽ ഖാദർ | 5789 | 17367 |
| 4 | 32 | അബ്ദുനാസർ | 2175 | 80532 |
| 5 | 36 | ബഷീർ | 2175 | 50952 |
| 6 | 39 | അബ്ദുൽ ഖാദർ | 5789 | 86007 |

| | | | | |
|---|---|---|---|---|
| 7 | 44 | അബ്ദുനാസർ | 3033 | 15165 |
| 8 | 45എ) | മുഹമ്മദാലി ടി | 1245 | 2490 |
| 9 | 47 | അയമു | 3040 | 33440 |
| 10 | 54 | സന്തോഷ് | 2175 | 50952 |

**ടൗൺ സ്ക്വയർ കിയോസ്ക്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | **31.03.2025 ൽ** വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | GK4 | ലിജേഷ് | 3308 | 64896 |
| 2 | G K5 | യഹിയ | 3308 | 77496 |
| 3 | G K7 | അബ്ദുൾ നാസർ | 3308 | 16540 |

**ബൈപ്പാസ് ബസ് സ്റ്റാന്റ് ഷോപ്പിങ് കോംപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | മാസ വാടക | **231.03.2025 ൽ** വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 7 | മുഹിനുദ്ദീൻ | 2205 | 26460 |

**ഓൾഡ് മാർക്കറ്റ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 51 | മുഹമ്മദാലി | 1548 | 37152 |
| 2 | D 9 | മുഹമ്മദ് ബഷീർ | 2766 | 2766 |
| 3 | ഇ 1 | ഇബ്രാഹീം | 1938 | 9690 |
| 4 | 366D | അബു | 2130 | 19170 |
| 5 | 366M | സലൈമാൻ കെ.പി | 1791 | 30447 |

| | | | | |
|---|---|---|---|---|
| 6 | 366Q1 | ഷറഫുദ്ദീൻ ടി | 5000 | 85000 |
| 7 | 366G | ചന്ദ്രമോഹൻ ടി | 639 | 639 |

**മുസക്കുട്ടി ബസ്റ്റാന്റ് റൂം**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | **31.03.2025 ൽ** വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G1 | ഉസ്മാൻ സി | 5966 | 35796 |
| 2 | G2 | ഹഫ്സത് | 5966 | 23864 |
| 3 | G3 | സക്കീർ ഹുസൈൻ | 5966 | 5966 |
| 4 | G7 | ഹാരിസ് മോൻ പി | 6306 | 6306 |
| 5 | G17 | അജേഷ് സി പി | 5102 | 45918 |
| 6 | G19 | ഡോ.ശിവരാജ് സി.എസ് | 11930 | 56950 |
| 7 | G31 | സൈത് മുഹമ്മദ് | 5966 | 65626 |
| 8 | G33 | അബ്ബാസ് കെ | 5966 | 41762 |

**ഹൈടെക് ഷോപ്പിംഗ് കോപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | **31.03.2025 ൽ** വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G2 | അബ്ദുൾ സലാം എ | 7743 | 202467 |
| 2 | G10 | ഷറഫുദ്ധീൻ | 7743 | 69687 |
| 3 | G11 | അബ്ദുൾ ലത്തീഫ് എ | 7743 | 30972 |
| 4 | G17 | അബ്ദുൾ ഖാദർ | 6336 | 118270 |
| 5 | G32 | അംജദ് ബാബു | 6583 | 166164 |

| | | | | |
|---|---|---|---|---|
| 6 | G 33 | ഹാഷിം അബ്ദുൽസത്താർ | 7374 | 171752 |
| 7 | F1 | പ്രകാശ് | 6034 | 129868 |
| 8 | F3 | കദീജ | 5632 | 33792 |
| 9 | F9 | സൈതലവി | 6336 | 57024 |
| 10 | F12 | മുഹമ്മദ് ഷമീം | 6034 | 18102 |
| 11 | F19 | മൊയ്തീൻകുട്ടി | 4225 | 98976 |
| 12 | F20 | മുഹമ്മദ് ഷമീം | 6034 | 18102 |
| 13 | F21 | മുഹമ്മദ് മുസ്ത്ഫ | 4437 | 8874 |
| 14 | F29 | കദീജ | 5632 | 33792 |
| 15 | S9 | ജമീല പി | 3134 | 3134 |
| 16 | S11 | ഡെനി തോമസ് | 4200 | 50400 |
| 17 | S13 | ഡെനി തോമസ് | 4200 | 50400 |
| 18 | S14 | ഡെനി തോമസ് | 4200 | 50400 |
| 19 | S21 | ഡെനി തോമസ് | 4200 | 50400 |
| 20 | S22 | ഡെനി തോമസ് | 4200 | 50400 |
| 21 | S23 | ഡെനി തോമസ് | 4200 | 50400 |
| 22 | S24 | ഡെനി തോമസ് | 4200 | 50400 |
| 23 | S16,17,18 | വീരാൻകുട്ടി | 45851 | 275106 |
| 24 | T9 | നീതു കെ | 1916 | 17244 |
| 25 | T14 | രാജൻ സി വി | 1916 | 5748 |
| 26 | T15 | സെക്രട്ടറി, പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി | 960 | 8640 |
| 27 | T16 | വൈദ്യർ റൊണാൾഡ് ഡാനിയേൽ | 2012 | 41388 |

| | | | | |
|---|---|---|---|---|
| 28 | T17 | സെക്രട്ടറി, പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി | 960 | 22488 |
| 29 | T18 | സെക്രട്ടറി, പട്ടികജാതി കോപ്പറേറ്റീവ് സൊസൈറ്റി | 960 | 22488 |
| 30 | T23 | നീതു കെ | 1654 | 14886 |
| 31 | T27 | വൈശാഖ് വി കെ | 1654 | 3308 |
| 32 | T28 | വൈശാഖ് വി കെ | 1654 | 3308 |
| 33 | T29 | സുരേഷ് ബാബു | 788 | 9456 |
| 34 | A6 | മുഹമ്മദ് റിയാസ് പി | 5632 | 5632 |
| 35 | A8 | ജാഫർ | 6687 | 6687 |

**മോഡേൺ ഇൻഡോർ മാർക്കറ്റ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 31.03.2025 ൽ വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | 5 | മുസമ്മിൽ ടി പി | 2783 | 13915 |
| 2 | 7 | അബ്ദുൾ സലാം ഒ കെ | 2888 | 2888 |
| 3 | 8 | മമ്മദ് | 2363 | 2363 |
| 4 | 10 | മുഹമ്മദ് ഷാഫി | 2232 | 53568 |
| 5 | 11 | അബ്ദു റഹ്മാൻ | 1890 | 45360 |
| 6 | 12 | കുഞ്ഞയമുട്ടി | 1890 | 20790 |
| 7 | 18 | നാരായണൻ | 2198 | 50554 |
| 8 | 22 | മുഹമ്മദ് | 2198 | 15386 |
| 9 | 23 | അബൂബക്കർ പി പി | 2198 | 61544 |
| 10 | 26 | കോയക്കുട്ടി | 2232 | 22320 |

| | | | | |
|---|---|---|---|---|
| 11 | 28 | അബ്ദുറഹിമാൻ | 2232 | 33480 |
| 12 | 29 | ഷാഹുൽ ഹമീദ് ടി | 2232 | 53568 |
| 13 | 35 | സക്കീർ ഹുസൈൻ | 2232 | 53568 |
| 14 | 51 | സുധേഷ് T | 2494 | 27434 |
| 10 | 53 | ദിലീപ എം | 2494 | 27434 |
| 12 | 54 | രാജേഷ് T | 2494 | 39904 |
| 13 | 55 | യൂസഫ് പി | 2232 | 53568 |
| 14 | 59 | ഉമ്മർ | 2888 | 2888 |
| 15 | 60 | അസൈനാർ | 2397 | 57528 |
| 16 | 60എ) | അലി | 2397 | 57528 |
| 17 | 62 | മുഹമ്മദ് ഹനീഫ | 2363 | 49623 |
| 18 | 66 | കുഞ്ഞിമൊയ്തീൻ | 2232 | 15624 |
| 19 | 71 | ആദം കെ പി | 3681 | 25767 |
| 20 | 77 | അബൂബക്കർ & മൊയ്തീൻകുട്ടി | 2494 | 54868 |
| 21 | 86 | ഷൗക്കത്ത് | 2363 | 56712 |
| 22 | 88 | ഷൗക്കത്ത് | 2363 | 56712 |
| 23 | 100 | മമ്മി എം | 2625 | 115500 |
| 24 | 104 | ഫിറോസ് ബാബു | 21000 | 50400 |
| 25 | 110 | ഹസ്സൻ കുട്ടി കെ പി | 2232 | 17856 |
| 26 | 111 | ഹസ്സൻ കുട്ടി കെ പി | 2100 | 16800 |
| 27 | 113 | അൻവർ | 2648 | 26480 |
| 28 | 132 | മുനീസ് | 2100 | 18900 |
| 29 | G25 | മുഹമ്മദ് മുസ്തഫ | 3250 | 35750 |

## മൂസക്കുട്ടി ബസ് സ്റ്റാൻഡ് കിയോസ്ക്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 31.03.2025 ൽ വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | GK 3 | മുഹമ്മദ് ബഷീർ | 5513 | 16539 |
| 2 | GK 6 | ഇബ്രാഹീം | 5513 | 11026 |
| 3 | GK 10 | നാസർ ആലിക്കൽ | 5513 | 27565 |
| 4 | GK11 | റഫീഖ് ഉമ്മെർ | 5513 | 129156 |
| 5 | GK12 | മുഹമ്മദലി | 5513 | 97656 |
| 6 | GK 14 | ഡോ.ശിവരാജ് സി എസ് | 3308 | 16540 |
| 7 | G K15 | അരുൺ | 3308 | 68046 |

## നെഹ്റു സ്റ്റേഡിയം കോംപ്ലക്സ്

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | 31.03.2025 ൽ വാടക കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | G1 | ഷാഹുൽ ഹമീദ് പി | 6336 | 6336 |
| 2 | G2 | ഷാഹുൽ ഹമീദ് പി | 6336 | 6336 |
| 3 | G4 | സോമശേഖരൻ പി.പി. | 3329 | 61400 |
| 4 | G8 | കമറുദ്ദീൻ കെ | 6985 | 13970 |
| 5 | G9 | ഇബ്രാഹീം കെ ടി | 6985 | 13970 |
| 6 | G10 | മുഹമ്മദ് ബുഖാരി എം | 6336 | 12672 |

| | | | | |
|---|---|---|---|---|
| 7 | G15 | വേലായുധൻ ടി. | 3170 | 47097 |
| 8 | G16 | അൻവർ കെ.പി. | 6652 | 19956 |
| 9 | G31 | മുഹമ്മദ് ഷാഫി | 6970 | 13940 |
| 10 | G32 | നാസർ | 6652 | 6652 |
| 11 | G34 | ചാമി | 2738 | 40677 |

വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 19/13.2.2026) ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക വരുത്തിയിട്ടുള്ള വിവിധ ഷോപ്പിംഗ് കോപ്ലക്സുകളിലെ കടമുറികൾക്ക് ഡിമാന്റ് നോട്ടീസ് നൽകി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് അറിയിച്ചു. വാടക കുടിശ്ശികയിനത്തിലെ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 കാന്‍ട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല

| ക്രമ നമ്പർ | പ്രൊജക്ട് | ഫണ്ട്/അടങ്കൽ | ചെലവ് | ബിൽ റഫറൻസ് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1 | ഭിന്ന ശേഷി കുട്ടികളുടെ കലാകായിക മത്സരം(32/25) | 75000(വികസന ഫണ്ട് -ജനറൽ) | 75000 | J-M100100-24001708 Dtd 14.03.25 RS 75000 |
| 2 | അംഗനവാടി കുട്ടികളുടെ കലോൽസവം.(33/25) | 15000 (വികസന ഫണ്ട് -ജനറൽ) | 15000 | J-M100100-24001521 Dtd 14.03.25 RS 15000 |
| 3 | ഭിന്ന ശേഷി കുട്ടികളുടെ കലാകായിക മത്സരം SO(305/25) | 75000(വികസന ഫണ്ട് -ജനറൽ) | 75000(വികസന ഫണ്ട് -ജനറൽ) | J-M100100-24001633 Dtd 15.05.2024 RS |

| | | | | |
|---|---|---|---|---|
| | | | | 75000 |
| 4 | അംഗനവാടി കുട്ടികളുടെ കലോൽസവം.SO(306/25) | 100000 (വികസന ഫണ്ട് -എസ് സി പി) | 15000 | J-M100100-24001528 Dtd 13.05.2024 RS 15000 |

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടുകൾ പ്രകാരം ഭിന്ന ശേഷി കുട്ടികളുടെ കലാകായിക മത്സരം, അംഗനവാടി കുട്ടികളുടെ കലോൽസവം എന്നീ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുകൾ പ്രകാരമുള്ള മുഴുവൻ തുകയും ശ്രീ അബ്ദുൾ സലീം കിഴിശ്ശേരി എന്നവരുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ക്രമ നമ്പർ 1 പ്രൊജക്ട് പകാരം ട്രോഫി& ഗിഫ്റ്റ് -17500, വാടക -15000, സൗണ്ട് സിസ്റ്റം& ജനറേറ്റർ-17500, ചായ, സ്നാക്ക്സ്, മീൽസ്-23000 ബാനർ -2000 ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം വാടക 10000, ചായ, സ്നാക്ക്സ്-5000, ക്രമ നമ്പർ 3 പ്രൊജക്ട് പ്രകാരം വാടക- 15000, ചായ, സ്നാക്ക്സ്, മീൽസ്-26000, സൗണ്ട് സിസ്റ്റം& ജനറേറ്റർ-17000, ട്രോഫി -16500, ബാനർ -500 ക്രമ നമ്പർ 4 പ്രൊജക്ട് പ്രകാരം വാടക 5000, ചായ, സ്നാക്ക്സ്-10000 എന്നിങ്ങനെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. തദ്ധേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 50000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ 5000 രൂപക്ക് മുകളിലും 50000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ മുഴുവൻ തുകയും ഒരു വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 46/20.02.2026ന് മറുപടിയായി മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ധേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഭവന നിർമാണത്തിനായി ഒന്നാം ഗഡു തുക കൈപറ്റി - നിർമാണം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ നിർവ്വഹണം നടത്തിയ പി എം എ വൈ -ലൈഫ് ഭവന പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി ഒന്നാം ഗഡു ആയി തുക കൈപറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക (രജിസ്റ്റർ | കൈപ്പറ്റിയ |
|---|---|---|---|

| | | | |
|---|---|---|---|
| നം | | പ്രകാരം ) | തീയതി (രജിസ്റ്റർ പ്രകാരം ) |
| 1 | അജേഷ് സി (വാർഡ് 34) | 40000/- (ഒന്നാം ഗഡു) | 15.10.2020 |
| 2 | അനിത എം (വാർഡ് 11) | 40000/- (ഒന്നാം ഗഡു) | 25.06.2020 |
| 3 | കൃഷ്ണൻ എം കെ (വാർഡ് 1) | 40000/- (ഒന്നാം ഗഡു) | 09.01.2023 |
| 4 | പരിയാനി (വാർഡ് 8) | 40000/- (ഒന്നാം ഗഡു) | 12.08.2020 |
| 5 | രമണി (വാർഡ് 25) | 40000/- (ഒന്നാം ഗഡു) | 04.05.2019 |
| 6 | രവീന്ദ്രൻ (വാർഡ് 30) | 40000/- (ഒന്നാം ഗഡു) | 05.02.2020 |
| 7 | വിജയലക്ഷ്മി (വാർഡ് 34) | 40000/- (ഒന്നാം ഗഡു) | 15.10.2020 |

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ,ഫയൽ എന്നിവ പരിശോധിച്ചതിൽ,മേൽ ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ,നാളിതുവരെയായിട്ടും ഭവന നിർമാണം ആരംഭിച്ചതായി കാണുന്നില്ല. മേൽ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിക്കാത്തതിന്റെ കാരണം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 22/24-25 തീയതി.16.02.2026) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ട് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും പുതിയ നഗരസഭ കൗൺസിലുമായി കൂടിയാലോചിച്ച് മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പദ്ധതി കാലയളവധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം മേൽ ഗുണഭോക്താക്കളിൽ നിന്നും അനുവദിച്ച് നൽകിയ തുക പലിശ സഹിതം തിരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-31 സ്കൂൾ പ്രവേശനോത്സവം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 315/25(SO) |

| | |
|---|---|
| പ്രൊജക്ടിന്റെ പേര്. | ഷുവർ-വിദ്യാഭ്യാസ പദ്ധതി ജനറൽ |
| അടങ്കൽ തുക. | 500000/- രൂപ. (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക. | 130531/- രൂപ. (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ /തീയതി. | J-M100100-24001418 Dtd 22.05.2024 Rs 103531/-<br>J-M100100-24001729 Dtd 22.05.2024 Rs 27000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | പ്രിൻസിപ്പാൾ, ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ |

മേൽ പ്രൊജക്ട് പ്രകാരം 2023-24 അധ്യയന വർഷത്തെ സ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി നഗരസഭയിലെ 14 സ്കൂളുകളിലെ പ്രീ പ്രൈമറി, ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ അടങ്ങിയ കിറ്റ് നൽകിയ വകയിൽ പെരിന്തൽമണ്ണ താലൂക്ക് - സ്കൂൾ ടീച്ചേർസ് കോ-ഓപ്പറേറ്റിവ് സൊസൈറ്റിക്ക് 85,512/- രൂപയും പ്രവേശനോത്സവ ബാനർ (24 എണ്ണം) നൽകിയ വകയിൽ ലിങ്ക് ഓഫ്സെറ്റ്, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് 18,019/- രൂപയും 2023-24 വർഷത്തിൽ പെരിന്തൽമണ്ണ ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ SSLC വിജയശതമാന ഉയർത്തുന്നതിന് പരിശീലനം നൽകിയതിന് റിഫ്രഷ്മെന്റ് ഇനത്തിൽ 27000 (125 വിദ്യാർത്ഥികൾക്ക് 12 ദിവസത്തിന് 18 രൂപ നിരക്കിൽ-1.02.24 മുതൽ 16.02.24 വരെ ) രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. സ്കൂൾ പ്രവേശനോത്സവത്തിന് തുക ചെലവഴിക്കുന്നതിന് ആധാരമായ സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2. ലഭ്യമാക്കിയ Attendance Sheet പ്രകാരം 1.2.24 ന് 35 വിദ്യാർത്ഥികൾ പരിശീലനത്തിന് ഹാജരായിട്ടില്ല, എന്നാൽ ടി വിദ്യാർത്ഥികൾക്കും റിഫ്രഷ്മെന്റ് ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

3. കിറ്റ്, ബാനർ എന്നിവയുടെ ക്വട്ടേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – സ.ഉ (കൈ) നം.86.2022 തിയതി 19-04-2022 പ്രകാരം പ്രവേശനോത്സവത്തിന് തുക ചെലവഴിക്കുന്നതിന് അനുമതിയില്ല. ഇത് സംബന്ധിച്ച 8/10.02.2026 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നതിന്റെ ഭാഗമായും വിദ്യാർത്ഥികളെ പരമാവധി സർക്കാർ വിദ്യാഭ്യാസത്തിന്റെ കിഴിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയും 86/2022/ LSGD, Dtd 19/04/2022 ലെ ഉത്തരവിലെ ഖണ്ഡിക 2.3.16 പറയുന്ന

കേരളം പൊതു വിദ്യാഭ്യാസരംഗത്ത് കൈവരിച്ച വൻ നേട്ടങ്ങൾ നിലനിർത്തുകയും വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം ബോധന നിലവാരം അധ്യയന അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും വേണം എന്ന ലക്ഷ്യം നിറവേറ്റുന്നതിന് വേണ്ടിയാണ് പൊതു വിദ്യാലയങ്ങളിൽ ഇടം നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശനോത്സവ സമയത്ത് കിറ്റുകൾ അനുവദിച്ചു നൽകിയിട്ടുള്ളത് എന്നും ക്രമ നമ്പർ 2 അപാകത സംബന്ധിച്ച് ഹെഡ്മാസ്റ്ററോട് വിശദീകരണം ചോദിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കുന്ന മുറക്ക് അറിയിക്കുന്നതാണ് എന്നും പ്രവേശനോത്സവ കിറ്റുകൾ ലഭ്യമാക്കിയിട്ടുള്ളത് പെരിന്തൽമണ്ണയിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനമായ പെരിന്തൽമണ്ണ എംപ്ലോയീസ് ടീച്ചേഴ്സ് സൊസൈറ്റിയിൽ നിന്നുമാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-32 മരം മുറിക്കുന്നതിനായി നൽകിയ മുൻകൂർ തുക ക്രമീകരിച്ചില്ല

ഫയൽ നം.1722981-2024

മരം മുറിക്കുന്നതിനായി മുൻകൂറായി കൈപ്പറ്റിയ 60000 രൂപ, ഒന്നര വർഷം കഴിഞ്ഞിട്ടും ക്രമീകരിക്കാത്തതിനാൽ തടസ്സത്തിൽ വെക്കുന്നു. നഗരസഭയിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഡീനുവാണ് ഇപ്രകാരം അനധികൃതമായി തുക കൈവശം വെച്ചത്.

20/06/2024 -ൽ ചേർന്ന നഗരസഭ ട്രീ കമ്മറ്റി യോഗത്തിൽ പെരിന്തൽമണ്ണ മണ്ണാർക്കാട് റോഡിൽ സ്ഥിതിചെയ്യുന്ന DYSP ഓഫീസ് കോമ്പൗണ്ടിലെ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതായിരുന്നു. ആയത് പ്രകാരം പൊതുമരാമത്തു വകുപ്പിന് ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിനു അറിയിപ്പ് നൽകിയെങ്കിലും ആയതിന്റെ പൂർണ്ണ ചുമതല DYSP ഓഫീസിനാണെന്ന് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 22/07/02024 നു അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് DYSP ഓഫീസിനു കത്തു നല്കിയിട്ടുള്ളതാണ് . ആയതിന് 01-08-2024 ന് ലഭ്യമാക്കിയ മറുപടിയിൽ, മലപ്പുറം ജില്ലാ പോലീസ് ഓഫീസിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നഗരസഭ മരങ്ങൾ മുറിച്ചുമാറ്റി അയതിന്റ ചിലവ് തുക ടി ഓഫീസിലേക്ക് അറിയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതിനെ തുടർന്ന് 02-08-2024 ന് നഗരസഭയിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഡീനുവിന് മരം മുറിപ്പിക്കുന്നതിനായി 60000 രൂപ മുൻകൂർ നൽകാൻ ചെയർമാന്റെ അനുമതിയോടെ തീരുമാനിക്കുകയും 15-08-2024 ലെ P-M 100100 24000422 നമ്പർ വൗച്ചർ പ്രകാരം 60,000 രൂപ തനത് ഫണ്ടിൽ നിന്നും ശ്രീ.ഡീനുവിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

മേൽ ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1- 15-08-2024 ന് തുക കൈമാറിയെങ്കിലും 26-10-2024 നാണ് മരം മുറിക്കുന്നതിനുള്ള ക്വട്ടേഷൻ നടപടികൾ പൂർത്തീകരിക്കുന്നത്. അഡ്വാൻസ് കൈപ്പറ്റി 3 മാസം കഴിഞ്ഞിട്ടും മരം മുറി നടന്നില്ലെന്നാണ് മനസ്സിലാകുന്നത്.

2- പെരിന്തൽമണ്ണ ഡി.വൈ.എസ്.പി യുടെ 01-12-2025 ലെ 424/PMS/25 നമ്പർ കത്തിൽ 30-11-2025 ന് DYSP ഓഫീസ് കോമ്പൗണ്ടിലെ 2 മരങ്ങൾ മുറിച്ചതായി കാണപ്പെട്ടെന്നും മേൽ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ നടന്നിരുന്നില്ലെന്നും മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ സെക്രട്ടറി തീരുമാനമെടുത്ത ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭക്ക് കൈമാറിക്കിട്ടാത്ത സ്ഥാപനത്തിന്റെ മുൻകൂർ അനുമതി വാങ്ങാതെ മേൽ മരങ്ങൾ മുറിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

3- 04-10-2011 ലെ സ.ഉ(പി)നം.419/11/ഫിൻ നമ്പർ ഉത്തരവിൽ മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം ഉപയോഗിക്കാതെ അവശേഷിക്കുന്ന മുൻകൂർ തുക18% പിഴപ്പലിശ സഹിതം തിരികെ അടവാക്കേണ്ടതുമാണ്.

അത് പോലെ നഗരസഭ സെക്രട്ടറിയുടെ 12-08-2024 ലെ 1722981 – 2024 നമ്പർ ഉത്തരവിൽ 90 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിച്ച് മുൻകൂർ ക്രമവൽക്കരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം 18% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മരം മുറിക്കാൻ അനുവദിച്ച 60,000 രൂപയിൽ 33000 രൂപ ചെലവ് വന്നെന്നും അവശേഷിക്കുന്ന 27000 രൂപ നഗരസഭാ അക്കൗണ്ടിൽ അടവാക്കുന്നതാണെന്നും ശ്രീ. ഡീനു അറിയിച്ചെങ്കിലും 31-12-2025 വരെയും പ്രസ്തുത തുക തിരികെ അടവാക്കിയിട്ടില്ലെന്നാണ് K SMART ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. ടി തുക പലിശ സഹിതം ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

4- സെക്രട്ടറിയുടെ 05-12-2025 ലെ 1722981 – 2024 നമ്പർ കത്തിൽ മരം മുറിച്ചതിനായി ചെലവായ തുക നഗരസഭക്ക് തിരികെ ലഭ്യമാക്കണമെന്ന് പെരിന്തൽമണ്ണ DYSP യോട് ആവശ്യപ്പെട്ടതായി കാണുന്നുണ്ടെങ്കിലും പ്രസ്തുത തുക തിരികെ ലഭിച്ചതായ വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 19.02.2026 ന് നൽകിയ 42 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 21-02-2026 ന് ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.

1- ശക്തമായ മഴ ഉണ്ടായിരുന്നതിനാൽ ക്വട്ടേഷൻ എടുക്കാനോ മരം മുറിക്കാനോ ആരും തയ്യാറാകാതിരുന്നതിനാലും ചില ആളുകൾ വലിയ തുക ആവശ്യപ്പെട്ടതിനാലുമാണ് മരം മുറിക്കാൻ

വൈകിയത്.
കട്ടേഷൻ നടപടികൾ പൂർത്തിയായതിന് ശേഷമായിരുന്നു തുക കൈമാറേണ്ടിയിരുന്നത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.
2- 20-06-2024 ലെ ട്രീ കമ്മറ്റി തീരുമാന പ്രകാരവും 01-08-2024 ലെ 424/PMS/25 നമ്പർ കത്തിൽ മരം മുറിച്ച് മാറ്റുന്നതിന് ഫണ്ടില്ല എന്ന് അറിയിച്ചതിനാലുമാണ് മുറിച്ചത്.
മരം മുറിക്കുന്നതിന് മുമ്പ് ആവശ്യമായ കത്തിടപാടുകൾ നടത്തിയിരുന്നില്ലെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.
3- മരം മുറി കഴിഞ്ഞ് 27000 രൂപ തിരിച്ചടവാക്കുന്നതിനായി റിപ്പോർട്ട് ചെയ്തെങ്കിലും തുടർ നടപടി സ്വീകരിക്കാത്തതിനാൽ മേൽ തുക തിരിച്ച് അടവാക്കാൻ സാധിച്ചില്ല.
മുൻകൂർ തുക നിശ്ചിത സമയത്ത് ക്രമീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഈ മറുപടിയിൽ നിന്നും വ്യക്തമാണ്. 2024 ഡിസംബറിൽ തന്നെ മരം മുറി പൂർത്തിയായതാണ്.
4- നിലവിൽ മരം മുറിയുമായി ബന്ധപ്പെട്ട് നഗരസഭക്ക് ചെലവായ തുക 33000 രൂപ തിരികെ അടവാക്കാൻ പെരിന്തൽമണ്ണ ഡി.വൈ.എസ്.പി യോട് രേഖാമൂലം ആവശ്യപ്പെടുന്നതാണ്.
നാളിത് വരെ തുക ലഭിച്ചിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.
ആയതിനാൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 27000 രൂപ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതും മരം മുറിച്ചതിനായി ചെലവാക്കിയ 33000 രൂപ തിരികെ ലഭ്യമാക്കി റീകൂപ്പ് ചെയ്യേണ്ടതുമാണ്. ആയത് വരെ മുൻകൂർ നൽകിയ 60000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-33 തുടർ സാക്ഷരത പദ്ധതി തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

2024-25 ൽ നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ തുടർ സാക്ഷരത പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്/ നമ്പർ/ ഫയൽ നമ്പർ | വകയിരുത്തിയ തുക/ ഫണ്ട് | ചെലവഴിച്ച തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | തുടർ സാക്ഷരത പദ്ധതി<br>517/25<br>ഫയൽ നമ്പർ - 729554-2025 | 150000<br>വികസന ഫണ്ട് (ജനറൽ) | 140600 | JM-100100-24001504/ 24-03-2025 |

| | | | | |
|---|---|---|---|---|
| 2 | തുടർ സാക്ഷരത പദ്ധതി<br>534/25<br>ഫയൽ നമ്പർ - 2216884-2024 | 150000<br>വികസന ഫണ്ട്<br>(ജനറൽ) | 139300 | JM-100100-24001733/<br>24-03-2025 |

മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1- പ്രോജക്റ്റ് നമ്പർ 517/25 ൽ ഹയർസെക്കന്ററി തുല്യത കോഴ്സിന് 2022-23 ൽ നഗരസഭ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയ 49 പേർക്കുള്ള കോഴ്സ് ഫീ ഇനത്തിൽ പദ്ധതി വിഹിതമായ 102900 (49X 2100) രൂപയും പത്താം തരം തുല്യത കോഴ്സിന് രജിസ്റ്റർ ചെയ്ത 26 പേരുടെ കോഴ്സ് ഫീ ഇനത്തിൽ പദ്ധതി വിഹിതമായ 37700 (26X 1450) രൂപയും ഉൾപ്പെടെ ആകെ 140600 രൂപ കേരള സംസ്ഥാന സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിൽ എത്ര ഗുണഭോക്താക്കൾ പരീക്ഷ എഴുതിയെന്നോ എത്ര പേർ വിജയിച്ചുവെന്നോ ഉള്ള വിവരവും ലഭ്യമല്ല.

2- പ്രോജക്റ്റ് നമ്പർ 534/25 ൽ ഹയർസെക്കന്ററി തുല്യത കോഴ്സിന് 2023-24 ൽ നഗരസഭ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയ 49 പേർക്കുള്ള കോഴ്സ് ഫീ ഇനത്തിൽ പദ്ധതി വിഹിതമായ 98700 (47X 2100) രൂപയും പത്താം തരം തുല്യത കോഴ്സിന് രജിസ്റ്റർ ചെയ്ത 28 പേരുടെ കോഴ്സ് ഫീ ഇനത്തിൽ പദ്ധതി വിഹിതമായ 40600 (28x1450) രൂപയും ഉൾപ്പെടെ ആകെ 139300 രൂപ കേരള സംസ്ഥാന സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിൽ എത്ര ഗുണഭോക്താക്കൾ പരീക്ഷ എഴുതിയെന്നോ എത്ര പേർ വിജയിച്ചുവെന്നോ ഉള്ള വിവരവും ലഭ്യമല്ല.

3- മേൽ പറഞ്ഞ 2 പ്രോജക്റ്റുകൾക്കുമായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനുമാവശ്യപ്പെട്ട് 10-02-2026 ന് നൽകിയ 12 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി താഴെ കൊടുക്കുന്നു.

1- പ്രോജക്റ്റ് നമ്പർ 517/25 ൽ ഹയർസെക്കന്ററി തുല്യത കോഴ്സിന് രജിസ്റ്റർ ചെയ്ത 49 പേരിൽ 38 പേർ പരീക്ഷ എഴുതിയെന്നും അതിൽ 33 പേർ വിജയിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 11 പേർ പരീക്ഷ എഴുതിയിട്ടില്ല.

അത് പോലെ പത്താം തരം തുല്യതക്ക് രജിസ്റ്റർ ചെയ്ത 26 പേരിൽ 19 പേർ പരീക്ഷ എഴുതിയെന്നും അതിൽ 17 പേർ വിജയിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 7പേർ പരീക്ഷ എഴുതിയിട്ടില്ല.

2- പ്രോജക്റ്റ് നമ്പർ 534/25 ൽ പത്താം തരം തുല്യത കോഴ്സിന് രജിസ്റ്റർ ചെയ്ത 28 പേരിൽ 18 പേർ പരീക്ഷ

എഴുതിയെന്നും അതിൽ 18 പേരും വിജയിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 10 പേർ പരീക്ഷ എഴുതിയിട്ടില്ല.

എന്നാൽ ഹയർസെക്കന്ററി തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത 47 പേരുടെയും പരീക്ഷാ തീയതി ആയിട്ടില്ല.

3- മേൽ പറഞ്ഞ 2 പ്രോജക്റ്റുകൾക്കുമായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി സാക്ഷരത മിഷന് നൽകുന്ന അപേക്ഷയുടെ പകർപ്പാണ് മറുപടിയുടെ കൂടെ ലഭ്യമാക്കിയിട്ടുള്ളത്.

തുല്യതാ പരീക്ഷയുടെ രജിസ്ട്രേഷൻ നടത്തി 3 വർഷത്തിനകം പരീക്ഷ എഴുതണം എന്നാണ് നിബന്ധന. ആയതിനാൽ ഈ രണ്ട് പ്രോജക്റ്റുകളിലുമായി പരീക്ഷ എഴുതാത്ത പഠിതാക്കളെ പരീക്ഷ എഴുതിക്കാനായി ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതും നഗരസഭ ചെലവഴിച്ച തുക പാഴ്ചെലവാകാതിരിക്കാൻ നോക്കേണ്ടതുമാണ്. അത് പോലെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതുമാണ്. തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 279900 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-34 വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം - അപാകതകൾ

**ഫയൽ നമ്പർ - 669718-2024**

2024-25 ൽ നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം എന്ന പ്രോജക്റ്റിന്റെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 67800 രൂപ (വൗച്ചർ നമ്പർ - J-M 100100-24001590/15-05-2024) ചെലവഴിച്ച് മെനുസ്ട്രൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1- ഈ പ്രോജക്റ്റിന്റെ ഭാഗമായി നഗരസഭ പരിധിയിലെ വനിതകളെ സംഘടിപ്പിച്ച് കൊണ്ട് കുടുംബശ്രീ മുഖേന 12-07-2023 ന് ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. വികസന ഫണ്ടിൽ നിന്നും 67900 രൂപ വകയിരുത്തിയ ഈ പ്രോജക്റ്റിൽ നിന്നും പ്രസ്തുത ബോധവൽക്കരണ പരിപാടിക്കായി 2100 രൂപ ചെലവഴിച്ചിട്ടുണ്ട്. 226 പേർക്ക് വിതരണം ചെയ്യാനുള്ള മെനുസ്ട്രൽ കപ്പുകൾ വാങ്ങിയിട്ടുണ്ട് . യഥാർത്ഥത്തിൽ ഗുണഭേക്താക്കളെ തെരഞ്ഞെടുത്തതിന് ശേഷം അവർക്കായിരുന്നു ബോധവൽക്കരണ ക്ലാസ് നൽകേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ക്ലാസ് നൽകിയ വിവരം ഫയലിൽ ഇല്ല.

2- ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഇല്ല. അതിന്റെ കൂടെയുള്ള രജിസ്റ്ററിൽ മെൻസ്ട്രുൽ കപ്പ്

ആവശ്യമുള്ളവരുടെ ലിസ്റ്റ് എന്ന പേരിൽ 229 വനിതകളുടെ പേര് എഴുതി ചേർത്തിട്ടുണ്ട്. അവർ ഏത് വാർഡിൽ നിന്നുള്ളതാണെന്നോ കുടുംബശ്രീ വഴിയാണോ തെരഞ്ഞെടുത്തത് എന്നോ ഉള്ള വിവരമില്ല.

3- പൊതുമേഖല സ്ഥാപനമായ HLL ന്റെ 6/13-02-2024 ഇൻവോയ്സ് പ്രകാരം 226 മെൻസ്ട്രൽ കപ്പുകൾ ലഭ്യമാക്കിയതായി കാണുന്നു. ആയത് സി.ഡി.എസ് പ്രസിഡന്റ് കൈപ്പറ്റിയതായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

4- സെക്രട്ടറിയുടെ 29-02-2024 ലെ എച്ച്.1 10867/23 നമ്പർ സപ്ലൈ ഓർഡറിൽ Small – 30, Medium – 135, Large – 61 എന്നിങ്ങനെയുള്ള Size ഉകളിൽ വിതരണം ചെയ്യാനാണ് ആവശ്യപ്പെട്ടതായി കാണുന്നത്. എന്നാൽ സപ്ലൈ ഓർഡർ കൊടുക്കുന്നതിന് മുമ്പേ തന്നെ മെൻസ്ട്രുൽ കപ്പുകൾ വിതരണം ചെയ്തുവെന്നാണ് മനസ്സിലാകുന്നത്(ഇൻവോയ്സ് നമ്പർ 6/13-02-2024, തുക – 67800). മാത്രമല്ല, ലഭ്യമാക്കിയ ഇൻവോയ്സിൽ ഏത് Size ആണെന്ന് കാണിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണെന്ന് അറിയിച്ച് 09-02-2026 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 ബയോബിൻ വിതരണം - അപാകതകൾ

2024-25 ൽ നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ പോർട്ടബിൾ ബയോബിൻ വിതരണത്തിനായി താഴെ പറയും പ്രകാരം 2 പ്രോജക്റ്റുകൾ വെച്ചിരുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര്/ ഫയൽ നമ്പർ | വകയിരുത്തിയ തുക | ഫണ്ട് | തൻവർഷം നൽകിയ ബയോബിന്നുകളുടെ എണ്ണം | ചെലവ് വിവരം |
|---|---|---|---|---|
| 518/25 (SO) പോർട്ടബിൾ ബയോ കമ്പോസ്റ്റർ ബിൻ വിതരണം ( ജനറൽ) | 933120 | വികസന ഫണ്ട് (ജനറൽ) | 480 | 332338 (വൗച്ചർ നമ്പർ - PM-100100-24001198/ 10-03-25) 103680 |

| | | | | |
|---|---|---|---|---|
| ഫയൽ നമ്പർ - 2112518-2024 | | | | (വൗച്ചർ നമ്പർ - PM-100100-24001286/ 28-03-25) |
| 535/25 (SO) പോർട്ടബിൾ ബയോ കമ്പോസ്റ്റർ ബിൻ വിതരണം (എസ്.സി.പി) ഫയൽ നമ്പർ-1912927-2024 | 1944000 | വികസന ഫണ്ട് (എസ്.സി.പി) | 650 (ഇൻവോയ്സ് നമ്പർ AMB/971/22-23/29-03-2023, തുക – 1123200 , എണ്ണം - 520) (ഇൻവോയ്സ് നമ്പർ AMB/972/22-23/29-03-2023, തുക – 280800 , എണ്ണം - 130) | 1088640 (560 X 1944) (വൗച്ചർ നമ്പർ - JM-100100-24001388/ 21-08-2024) 174960 (90 X 1944) (വൗച്ചർ നമ്പർ - JM-100100-25000004/ 08-01-25) |

ഈ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1- പ്രോജക്റ്റ് നമ്പർ 518/25 ന്റെ ഭാഗമായി KAICO യുടെ 29-03-2023 ലെ AMB/957/22-23 പ്രകാരം 1000 ബയോബിന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടം വിതരണം ചെയ്ത 520 ബിന്നുകളുടെ ഗുണഭോക്തൃ വിഹിതം 112320 രൂപയും (520 X 216) വികസന ഫണ്ടിൽ നിന്നുമുള്ള വിഹിതം 1010880 രൂപയും നിർവ്വഹണ ഏജൻസിയായ KAICO ക്ക് 2023-24 ൽ നൽകിയതായി കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം വിതരണം ചെയ്ത 275 + 205 ( ആകെ - 480) ബിന്നുകൾക്ക് ആകെ നൽകേണ്ട തുക 1036800 രൂപയാണ്. ഇതിൽ 103680 രൂപ ഗുണഭോക്തൃ വിഹിതവും 933120 രൂപ പ്രോജക്റ്റ് വിഹിതവുമാണ്. മേൽ പട്ടികയിൽ കാണിച്ചത് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച 103680 രൂപ 28-03-2025 ന് KAICO ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ചെലവ് സ്റ്റേറ്റ്മെന്റിൽ ഇത് വന്നിട്ടില്ല.

2- പ്രോജക്റ്റ് നമ്പർ 518/25 ന്റെ ഭാഗമായി വാങ്ങിയ 480 ബയോബിന്നുകൾ കൈപ്പറ്റിയ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. കൈപ്പറ്റ് രേഖകൾ K SMART ൽ അപ്ലോഡ് ചെയ്തിട്ടില്ല.

3- പ്രോജക്റ്റ് നമ്പർ 535/25 ന്റെ ഭാഗമായി ഇറക്കിയ 560 ബയോബിന്നുകളുടെ വിലയിൽ നിന്നും ഗുണഭോക്തൃ വിഹിതം ഒഴികെയുള്ള തുക 1088640 രൂപ 21-08-2024 ലെ വൗച്ചർ പ്രകാരവും 90 ബയോബിന്നുകളുടെ വില 174960 രൂപ (ഗുണഭോക്തൃ വിഹിതം ഒഴികെ) 08-01-2025 ലെ വൗച്ചർ പ്രകാരവും നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചതായോ നിർവ്വഹണ ഏജൻസിക്ക് കൈമാറിയതായോ കാണുന്നില്ല.

4- പ്രോജക്റ്റ് നമ്പർ 535/25 ന്റെ ഭാഗമായി ഇറക്കിയ ബയോബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനുമാവശ്യപ്പെട്ട് 05-02-2025 ന് നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ - അപാകതകൾ

**ഫയൽ നമ്പർ - 2043838-2024**

2024-25 ൽ നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ അർബൻ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ഫർണ്ണിച്ചർ അനുബന്ധ സൗകര്യമൊരുക്കൽ (610/25)എന്ന പ്രോജക്റ്റിനായി ഹെൽത്ത് ഗ്രാന്റിൽ നിന്നും 2009864 രൂപ വകയിരുത്തുകയും 598535 രൂപ ചെലവഴിക്കുകയും ചെയ്തതായി കാണുന്നു. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1- ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 598535 രൂപ ഈ പ്രോജക്റ്റിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിനായി ലഭ്യമാക്കിയ ഫയൽ നമ്പർ 2043838-2024 പ്രകാരം KSMART ൽ താഴെ കൊടുത്തിരിക്കുന്നത് പ്രകാരം 262967 രൂപയേ (വൗച്ചർ നമ്പർ PM 100100-24000804/17-11-2024 )ചെലവ് കാണുന്നുള്ളൂ.

| ക്രമ നമ്പർ | ചെലവിനം | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്റ്റേഷനറി | ലിറ്റിൽ ത്രിവേണി, ചുങ്കം, പട്ടിക്കാട് | 309/10/3432/ 27-09-2023 | 1762 | 15-01-2024 തീയതിയിലെ 3293,3428 എന്നീ ഇൻവോയ്സ് പ്രകാരമുള്ള സെയിൽസ് റിട്ടേൺ ബില്ലുകളുടെ തുകയായ 13500/- രൂപ കിഴിച്ച് ഈ സ്ഥാപനത്തിന് 94051 രൂപയാണ് നൽകിയത്. |
| | -ടി- | -ടി- | 309/10/3428/ 27-09-2023 | 30830 | |
| | -ടി- | -ടി- | 309/10/3431/ 27-09-2023 | 9995 | |
| | -ടി- | -ടി- | 309/10/3296/ | 51464 | |

| | | | | | |
|---|---|---|---|---|---|
| | | | 16-09-2023 | | |
| | -ടി- | -ടി- | 3296/15-01-2024 | 3500 | |
| | -ടി- | -ടി- | 3428/15-01-2024 | 10000 | |
| 2 | അലമാര (3 എണ്ണം) | ക്വാളിറ്റി മെറ്റൽ ഇന്റസ്ട്രീസ്, കൊല്ലം | GEM – 39820960/ 11-02-2024 | 23760 | |
| 3 | A.C (3 എണ്ണം) | നെക്സസ് എന്റർപ്രൈസസ്, ന്യൂഡൽഹി | GEM – 2684/ 9-02-2024 | 83858 | |
| 4 | പ്രിന്റർ (3 എണ്ണം) | പി.സി.ഫോംസ് & സ്റ്റേഷനറി, കൊൽക്കത്ത | PCF/23-24/50773/ 02-03-2024 | 61298 | |

2- മേൽ പട്ടികയിൽ കാണിച്ചത് പ്രകാരമുള്ള സ്റ്റേഷനറി സാധനങ്ങൾ,അലമാര, എ.സി, പ്രിന്റർ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകാനും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനുമാവശ്യപ്പെട്ട് 11-02-2026 ന് നൽകിയ 14 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-37 GIS മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ല

**ഫയൽ നമ്പർ - 1159099-2024**

നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ജി.ഐ.എസ് പദ്ധതി നടപ്പിലാക്കുന്നതിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2023-24 ൽ ബഹു വർഷ പ്രോജക്റ്റ് രൂപീകരിക്കുകയും (498/24) 15-01-2024 ന് നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി കരാർ ഒപ്പ് വെക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടം 20-01-2024 മുതൽ ആരംഭിക്കുകയുണ്ടായി. 2024-25 ൽ പ്രോജക്റ്റ് നമ്പർ 514/25 ആയി വികസന ഫണ്ടിൽ നിന്നും 20,00,000 രൂപ വകയിരുത്തിയ ഈ പ്രോജക്റ്റിൽ നിന്നും ഒന്നാം ഘട്ട കരാർ പ്രകാരമുള്ള തുക 5,00,000 രൂപയും (23-24 ൽ ക്യൂ ബിൽ ആയത്) (BRN 24150347000500159970/15-05-2024,

തുക:210900, BRN24150347000500160058/15-05-2024,തുക: 289100) , താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള തുക 14,99,876 രൂപയും ( BRN 24150347000501451879/07-03-2025) ഉൾപ്പെടെ തൻവർഷം ആകെ 1999876 രൂപ ചെലവഴിച്ചിട്ടുണ്ട്.

| SL NO | INVOICE NO | ITEM | BILL AMOUNT |
|---|---|---|---|
| 1 | ULC/24-25/114 | DRONE SURVEY | 354000 |
| 2 | ULC/24-25/113 | DRONE SURVEY | 472000 |
| 3 | ULC/24-25/115 | DATA ANALYSIS DASH BOARD AND WEB GIS PORTAL | 379100 |
| 4 | ULC/24-25/230 | BUILDING PROPERTY SURVEY(2271 X 110) | 294776 |
| **Total** | | | 1499876 |

പദ്ധതിയുടെ രണ്ടാം ഘട്ടമായി ഉൾപ്പെടുത്തിയ തുകയിൽ ഡ്രോൺ സർവ്വേ 30-05-2024 നും 2271 കെട്ടിടങ്ങളുടെ സർവ്വേ 12-06-2024 നും പൂർത്തീകരിച്ചിട്ടുള്ളതാണ്. മുനിസിപ്പാലിറ്റിയുടെ അസറ്റ് രജിസ്റ്റർ പ്രകാരം 30375 കെട്ടിടങ്ങൾ ഉണ്ടെങ്കിലും രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 2271 കെട്ടിടങ്ങളുടെ സർവ്വേ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 28104 കെട്ടിടങ്ങളുടെയും കൂടാതെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങളുടെയും സർവ്വേ 2024-25 ൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പ് (ഡി.സി) ഡിപ്പാർട്ട്മെന്റിന്റെ 29-02-2024 ലെ ജി.ഒ(ആർ.ടി)നം.474/2024, ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ 50000 – 99999 ജനസംഖ്യയുള്ള ക്ലാസ് II പട്ടണങ്ങൾക്കായി ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെട്ട ലിസ്റ്റിൽ പെരിന്തൽമണ്ണ നഗരസഭ കൂടി ഉൾപ്പെട്ടതിനാൽ, നഗരസഭ സെക്രട്ടറിയുടെ 01-11-2024 ലെ 1159099-2024 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വെച്ചതായി 13-11-2024 ലെ ULTS/GIS/2024-25/561 നമ്പർ കത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ചീഫ് കൊമേർഷ്യൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന 28104 കെട്ടിടങ്ങളുടെയും കൂടാതെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങളുടെയും സർവ്വേ പൂർത്തീകരിച്ചതുൾപ്പെടെ GIS മാപ്പിംഗ് പൂർത്തിയാക്കി വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 20-02-2025 ന് നൽകിയ 44ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ 15800 കെട്ടിടങ്ങളുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന കെട്ടിടങ്ങളുടെയും അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങളുടെയും സർവ്വേ നടന്ന് വരുകയാണെന്നും 31-03-2026 നകം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2025-26 ൽ

ഇതിനായി പ്രോജക്റ്റ് തയ്യാറാക്കിയത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ എന്നതിൽ വ്യക്തത വരുത്തിയിട്ടില്ല. സർവ്വേ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-38 റിക്കാർഡ് റൂമിൽ റാക്ക് നിർമ്മാണം - അധികം ചെലവഴിച്ച തുക 2,97,126 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രവൃത്തി : പുതിയ ഓഫീസ് സമുച്ചയം- റിക്കാർഡ് റൂമിൽ റാക്ക് നിർമ്മാണം അനുബന്ധ പ്രവൃത്തികൾ

ഫയൽ നം. : PW1/15958/2020

Mbook No. : 154/20-21

എസ്റ്റിമേറ്റ് : 4,99,000 (തനത് ഫണ്ട്)

ചെലവ് : 4,97,922

T.S No. : 71615/2020-21/24-09-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. പി.പി. മുസ്തഫ

കരാർ : 284/2020-21/24-12-20 (എസ്റ്റിമേറ്റ് റേറ്റ്)

വൗച്ചർ നം. : PM10010024000194/20-06-2024 : 4,80,138

മെഷർമെന്റ് - ശ്രീ. എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ (19-04-2021)

ചെക്ക് മെഷർമെന്റ് – ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ (24-04-2021)

പുതിയ ഓഫീസ് സമുച്ചയത്തിലെ മൂന്നാം നിലയിലുള്ള റിക്കാർഡ് റൂമിൽ റാക്കുകൾ നിർമ്മിക്കുന്നതിനുള്ള മേൽ പ്രവൃത്തിക്കായി ആകെ 4,97,922 രൂപയിൽ നിയമപരമായ കുറവുകൾക്ക് (17784 രൂപ) ശേഷം 4,80,138 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. DAR Spec Code 10.25.2 (Rate : 112.65/Kg) പ്രകാരം താഴെപ്പറയുന്ന അളവുകളാണ് M-Bookൽ രേഖപ്പെടുത്തിയിട്ടുള്ളത് :

**1)** 3mm Thick MS Angle 50X50 Mm -2m Long : 90 Numbers.

Weight =414 Kg

**2)** 3mm Thick MS Sheet -3m Long , 0.5m Wide : 100 Numbers

Total Area Of MS Sheet = 150 M2 (3 X 0.5 X100)

Total Weight Of MS Sheet = 150 M2 X Coefficient 23.55 = 3532.5 Kg

Total Weight Of MS Sheet + MS Angle **= 3946.5 Kg** (3532.5+ 414 )

3946.5 Kg X112.65 = 444573.23

Add GST 12% = 53348.79

Total =497922.02 = **4,97,922**

എന്നാൽ 18.02.2026 ന്, പ്രവൃത്തി നിർവ്വഹണം നടത്തിയ മുനിസിപ്പൽ എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ മേൽ ക്രമ നം.2 ലെ MS Sheet ന്റെ കനം 1 Mm മാത്രമാണ് എന്ന് Screw Gague ഉപയോഗിച്ച് പരിശോധിച്ചതിൽ കണ്ടു. പ്രസ്തുത MS Sheet 1 M2 ന്റെ തൂക്കം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് ഓഡിറ്റ് എൻകചയറി നം. 33/19-02-2026 പ്രകാരം ആവശ്യപ്പെട്ടതിന് 1 M2 MS Sheet തൂക്കം 7.85 Kg ആണെന്ന്, 20-02-2026 ന് നഗരസഭ എൻജിനീയർ തൂക്കമെടുത്ത് സാക്ഷ്യപ്പെടുത്തി നൽകി.

ആയത് പ്രകാരം 23.55 Kg/M2ന് പകരം 7.85 Kg/M2 എന്ന Coefficient ഉപയോഗിച്ചാണ് MS Sheet ന്റെ തൂക്കം കണക്കാക്കേണ്ടിയിരുന്നത്. അപ്രകാരം,

150 M2 X Coefficient 7.85 = 1177.5 Kg ആണ് MS Sheet ന്റെ കണക്കാക്കേണ്ടിയിരുന്ന തൂക്കം.
എന്നാൽ 150 M2 X Coefficient 23.55 = 3532.5 Kg ആണ് കണക്കാക്കിയ തൂക്കം.

2355 Kg (3532.5 -1177.5) അധികം തൂക്കം കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ആയത് വഴി ഉണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു -

| നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക | ആകെ അധികം ചെലവ് (12% GST ഉൾപ്പടെ) |
|---|---|---|---|
| 397936.125<br>(3532.5 Kg X 112.65 ) | 132645.38<br>(1177.5 Kg X 112.65 ) | 2,65,290.75 | 2,97,126<br>(2,65,290.75 + 31,834.89) |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നം. 33/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച തുക 2,97,126 രൂപ, അളവെടുത്ത മുനിസിപ്പൽ എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-39 ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക 43,107 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രവൃത്തി - പുതിയ ഓഫീസ് സമുച്ചയം മുൻവശത്തെ പെയിന്റിംഗ്, അനുബന്ധ പ്രവൃത്തികൾ

ഫയൽ നം. PW1-15345/2020

Mbook No. 524/19-20

എസ്റ്റിമേറ്റ് - 4,95,000 (തനത് ഫണ്ട്)

T.S No. 71258/2020-2021/23-09-2020 (ശ്രീ. ഉമ്മർ കെ- AEE)

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. മുഹമ്മദ് റഫീഖ് ടി

കരാർ : 229/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

Ksmart No. 1727480-2024

വൗച്ചർ നം. 131/03-24/27-03-2024 : 1,92,860

വൗച്ചർ നം. PM100100-24000337/19-07-2024 : 2,88,075

മെഷർമെന്റ് - എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

ചെക്ക് മെഷർമെന്റ് -ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ (17-12-2020)

മേൽ പ്രവൃത്തിയിലെ ഇനം 1 പ്രകാരം Applying Plaster Of Paris Putty Of 2 Mm Thickness Over Plastered Surface എന്ന പ്രവൃത്തി (DAR Code 13.26) ബീം, പാരപ്പെറ്റ് എന്നീ ഭാഗങ്ങളിൽ 346.32 $M^2$ ചെയ്തതിന് 155.57/$M^2$ നിരക്കിൽ 53,877 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ആയത് 18-02-2026 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചപ്പോൾ ബീം സൈഡിൽ പ്രസ്തുത പ്രവൃത്തി ചെയ്തിട്ടില്ല എന്ന് മനസ്സിലായി. പാരപ്പെറ്റിൽ 1.71 മീറ്റർ ഉയരത്തിൽ പുട്ടി വർക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 0.88 മീറ്റർ ഉയരത്തിൽ മാത്രമാണ് ആയത് ചെയ്തിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു .

| | തുക നൽകിയത് (155.57/$M^2$ നിരക്കിൽ ) | പ്രവൃത്തി ചെയ്തത് | അധികം നൽകിയ തുക (12 % GST ഉൾപ്പടെ) |
|---|---|---|---|

| | | | |
|---|---|---|---|
| ബീം സൈഡ് | 244.08 $M^2$ -ന് 37,972രൂപ | 0 | 42,529 (37,972+4557) |
| പാരപ്പെറ്റ് | 6.84 $M^2$ -ന് 1,064 രൂപ | 3.52 $M^2$ -ന് 548 രൂപ | 578 (516+62) |
| | | ആകെ | 43,107 രൂപ |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക 43,107 രൂപ അളവെടുത്ത മുനിസിപ്പൽ എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-40 പുതിയ ഓഫീസ് സമുച്ചയം - ഡൈനിംഗ് ഹാൾ മുൻവശം ടൈൽസ്, അനുബന്ധ പ്രവൃത്തികൾ-ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 96,107 രൂപ തിരികെ ഈടാക്കേണ്ടതാണ്

പുതിയ ഓഫീസ് സമുച്ചയം - ഡൈനിംഗ് ഹാൾ മുൻവശം ടൈൽസ്, അനുബന്ധ പ്രവൃത്തികൾ

ഫയൽ : PW1-15930/2020

Mbook No. 547/19-20

എസ്റ്റിമേറ്റ് - 4,95,000 (തനത് ഫണ്ട്)

T.S No. 66177/2020-21/10-09-2020 (ശ്രീ. ഉമ്മർ കെ - AEE)

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. മുഹമ്മദ് റഫീഖ് ടി

കരാർ :227/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

Ksmart No. 1723326-2024

വൗച്ചർ നം. 139/03-24/27-03-2024 : 96,428

വൗച്ചർ നം. PM100100-24000330/18-07-2024 : 3,33,279

എസ്റ്റിമേറ്റ് & മെഷർമെന്റ്- എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് - ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ

**1.** മേൽ പ്രവൃത്തിയിലെ ഇനം-2 പ്രകാരം 87.12 M2 ചെക്കേഡ് ടൈൽസ് പതിച്ചതിന് കരാറുകാരന് 938.85/M2 നിരക്കിൽ (DSR 11.20.3) 91,608 രൂപ (81792.61+ 9815.11 -12% GST) നൽകിയിട്ടുണ്ട്. കാർ പോർച്ചിൽ പ്രവൃത്തി ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 18.02.2026 ന്, പ്രവൃത്തി നിർവ്വഹണം നടത്തിയ മുനിസിപ്പൽ എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ ആയത് കാണാനായിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ 91,608 രൂപ തിരികെ ഈടാക്കേണ്ടതാണ്.

**2.** മേൽ പ്രവൃത്തിയിലെ ഇനം-8 പ്രകാരം Deluxe Multi Surface Paint System ഉപയോഗിച്ച് പെയിന്റ് അടിക്കുന്നതിന് DSR 13.48.1 കോഡ് പ്രകാരം നിരക്ക് ഉൾപ്പെടുത്തുകയും കരാറുകരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനം 7 ആയി അതേ പ്രതലത്തിൽ പ്രൈമർ അടിച്ചതിന് DSR കോഡ് 13.43.1 പ്രകാരമുള്ള നിരക്കും നൽകിയിട്ടുണ്ട്. 13.48.1 ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ പെയിന്റ് അടിക്കുന്നതിന് മുമ്പായി പ്രൈമർ അടിക്കുന്നതിനുള്ള പ്രവൃത്തി കൂടി ഉൾപ്പെടുന്നതിനാൽ ഇനം 7 പ്രകാരമുള്ള തുക നൽകാവുന്നതല്ല -

| അളവ് (Sq.M) | നൽകിയ നിരക്ക് 129.68/ Sq.M (DSR **13.48.1**) + 48.43/Sq.M (DSR **13.43.1**) | നൽകാവുന്ന നിരക്ക് 129.68/ Sq.M (DSR **13.48.1**) | അധികം (12% GST ഉൾപ്പടെ) |
|---|---|---|---|
| 82.94 | 10755.66 +4016.78 | 10755.66 | 4016.78 + 482.01 = 4,499 |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 96,107 രൂപ (4499 + 91,608) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവെടുക്കുകയും ചെയ്ത അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-41 സ്റ്റോർ റൂമിന്റെ റൂഫ്- സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിനുള്ള നിരക്ക്

## നൽകി -അധികം നൽകിയ തുക 52,561 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രവൃത്തി : പുതിയ ഓഫീസ് സമുച്ചയം മുൻവശത്തെ പെയിന്റിംഗ്, അനുബന്ധ പ്രവൃത്തികൾ

ഫയൽ : PW1-15425/2020

Mbook No. 549/19-20

എസ്റ്റിമേറ്റ് - 4,97,000 (തനത് ഫണ്ട്)

T.S No. 71257/2020-21/23-09-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ : ശ്രീ. മുഹമ്മദ് റഫീഖ് ടി

കരാർ : 222/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

Ksmart No. 1723322-2024

വൗച്ചർ നം. 134/03-24/27-03-2024 : 96,428

വൗച്ചർ നം. PM100100-24000338/18-07-2024 : 3,82,631

Estimate & Measured - എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & Check Measured - ഉമ്മർ കെ , അസി. എക്സി. എഞ്ചിനീയർ

മേൽ പ്രവൃത്തിയിലെ എക്സ്ട്രാ ഇനം 1 പ്രകാരം ചെയ്ത സ്റ്റോർ റൂമിന്റെ റൂഫിനായുള്ള സ്റ്റീൽ വർക്കിന് Spec Code 50.10.1 പ്രകാരം ട്രസ് വർക്കിനുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി സൈറ്റ് 09.02.2026 -ന് ഓവർസിയറുടെ സാനിധ്യത്തിൽ നടത്തിയ പരിശോധനയിൽ ട്രസ് വർക്ക് അല്ല സിംഗിൾ സെക്ഷൻ പ്രവൃത്തി ആണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ Spec Code 50.10.2 പ്രകാരമുള്ള നിരക്ക് ആണ് അനുവദിനീയമായത്. അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| സ്റ്റീലിന്റെ തൂക്കം | നൽകിയ തുക (DAR 50.10.1 പ്രകാരം 131.26/Kg) | നൽകാവുന്ന തുക ( DAR 50.10.2 പ്രകാരം 106.88/Kg ) | അധികം നൽകിയത് (12% GST ഉൾപ്പടെ) |
|---|---|---|---|
| 1924.89 Kg | 2,52,661.06 | 2,05,732.24 | 52,561 |

| | | | |
|---|---|---|---|
| | (1924.89 Kg * 131.26 ) | (1924.89 Kg * 106.88 ) | (46,929+5,632) |

ഓഡിറ്റ് എൻകവയറി നം. 31/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 52,561 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവെടുക്കുകയും ചെയ്ത അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-42 ഹൈടെക് അങ്കണവാടി -സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിനുള്ള നിരക്ക് നൽകി -അധികം നൽകിയ തുക 10,531 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രവൃത്തി : വാർഡ്-21 ഹൈടെക് അങ്കണവാടി ചുറ്റുമതിൽ, അനുബന്ധ പ്രവൃത്തികൾ

ഫയൽ : PW1-10346/2020

Mbook No. 35/20-21

K-Smart No.2069763-2024

എസ്റ്റിമേറ്റ് - 3,00,000 (തനത് ഫണ്ട്)

T.S No. 67578/2020-2021/107678/14-09-2020 (ശ്രീ. ഉമ്മർ കെ- AEE)

DSoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. കെ.പി. അബൂബക്കർ

കരാർ :270/2020-21/24-12-20 (എസ്റ്റിമേറ്റ് റേറ്റ്)

വൗച്ചർ നം.PM100100-24000532/13-09-2024 : 2,75,151

എസ്റ്റിമേറ്റ് & മെഷർമെന്റ് - എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

സാങ്കേതികാനുമതി & ചെക്ക് മെഷർമെന്റ് - ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ (28-04-2021)

മേൽ പ്രവൃത്തിയിലെ എക്സ്ട്രാ ഇനം 12 പ്രകാരം ഷീറ്റ് മേയുന്നതിന് ചെയ്ത സ്റ്റീൽ വർക്കിന് Spec Code 50.10.1 പ്രകാരം ട്രസ് വർക്കിനുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തിയുടെ സൈറ്റ് 17.02.2026 -ന് ഓവർസിയറുടെ സാനിധ്യത്തിൽ നടത്തിയ പരിശോധനയിൽ സിംഗിൾ സെക്ഷൻ പ്രവൃത്തി

ആണ് ചെയ്തിട്ടുള്ളത് എന്ന ബോധ്യപ്പെട്ടു. ആയതിനാൽ Spec Code 50.10.2 പ്രകാരമുള്ള നിരക്ക് ആണ് അനുവദിനീയമായത്. അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| നൽകിയ തുക (DAR 50.10.1 പ്രകാരം 131.26/ Kg) | നൽകാവുന്ന തുക ( DAR 50.10.2 പ്രകാരം 106.88/Kg ) | അധികം നൽകിയത് (12% GST ഉൾപ്പടെ) |
|---|---|---|
| 50624 (385.68 Kg * 131.26 ) | 41221 (385.68 Kg * 106.88 ) | 10,531 (9403+1128) |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 10,531 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവെടുക്കുകയും ചെയ്ത അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-43 ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിന് അധികം നൽകിയ തുക 9,982 രൂപ തിരികെ ഈടാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രൊജക്ട് : ദുബായി പടി മുക്കിലപാലം തോടിനു കൈവരി-9

നം. S0345/2025

അടങ്കൽ -3,00,000 (MG-Road)

Price Id : 33373/2023

കരാറുകാരൻ - വിനോജ് വി.ജെ (എസ്റ്റിമേറ്റ് റേറ്റ്)

കരാർ - 125/2023-2024DATED 22-02-2024

വൗച്ചർ : M10010025000307/28-01-2025 : 2,99,223

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 5 ആയി റോഡ് സൈഡിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചതിന് OD99028/2024-2025 പ്രകാരം 192.44 രൂപ നിരക്കാണ് നൽകിയിട്ടുള്ളത്. DAR 10.26.3 ന്റെ OD പ്രകാരമുള്ള ഈ ഡാറ്റ, 40mm Dia GI പൈപ്പ് ഉപയോഗിച്ച് Welding, Cutting,

Assembling & Erection ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്ത് ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. എന്നാൽ ഇവിടെ കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിച്ച് അതിനുള്ളിലൂടെ 3 വരിയായി ആകെ 187.95 മീറ്റർ നീളത്തിൽ GI പൈപ്പ് കടത്തി വെക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

40mm GI Pipe ഉപയൗഗിച്ച് നടത്തുന്ന മേൽ പ്രവൃത്തിക്ക് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു -

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1549 | GI Pipes 40 Mm Dia<br>Weight For Carriage – Pipe Weight + 2% For Fittings – 1.02 X 36.50= 37.23 Kg – 0.03723 Tonne | Metre | 10.2M | 250 | 2550 |
| 2271 | Carriage Of GI Pipes Below 100 Mm Dia | Tonne | 0.03723 | 92.24 | 3.43 |
| 9999 | Sundries White Lead,Hemp,Oil Etc. | Ls | 9.49000 | 2.00 | 18.98 |
| 0116 | LABOUR:<br>Fitter (Grade 1) | Day | 0.1600 | 738 | 118.08 |
| 011 | Beldar | Day | 0.33 | 558 | 184.14 |
| Total | | | | | 2874.63 |
| Add CPOH 20% | | | | | 10% - 287.46 |
| | | | | | 3162.09 |
| | | | | | 10% - 316.21 |
| Total | | | | | 3478.30 |
| Cost Of 10 Metre | | | | | 3478.30 |
| Cost Per Metre | | | | | 347.83 |
| Cost Index 36.44% | | | | | 126.75 |
| Total | | | | | 474.58 |

ഹാൻഡ് റെയിൽ പ്രവൃത്തിക്ക് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ :

| ഇനം, | നൽകിയ തുക | നൽകാവുന്ന | അധികം (18% |
|---|---|---|---|

| അളവ് | | തുക | GSTഉൾപ്പെടെ) |
|---|---|---|---|
| ഹാൻഡ് റെയിൽ 40mm GI പൈപ്പ് **187.95 M** | 97,656.56 (**187.95** M X 2.7Kg/M = 507.465 Kg @192.44/Kg) | 89,197.31 @474.58/M (**187.95** M X 474.58) | 9,982 (8459+1523) |

അധികം നൽകിയ തുക 9,982 രൂപ തിരികെ ഈടാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/19-02-2026 ന് മറുപടിയായി റസീറ്റ് നം. R-M100100-25030938/26-02-2026 പ്രകാരം 9,982 രൂപ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 റാന്റം റബിൾ മേസനറി പ്രവൃത്തി- അപാകതകൾ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴേപ്പറയുന്ന വിവിധ പ്രവൃത്തികളിൽ റാന്റം റബിൾ മേസനറി ചെയ്തതിന് DsoR - 2016 ബാധകമായ വർഷത്തെ പ്രവൃത്തികൾക്ക് 5197.64/M3 നിരക്കും (Code 7.1.1), DsoR - 2018 ബാധകമായ വർഷത്തെ പ്രവൃത്തികൾക്ക് 7249.92/$M^3$ നിരക്കും (Code 7.1.1) ആണ് നൽകിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ പ്രകാരമുള്ള നിരക്കിൽ ഓരോ ക്യൂബിക് മീറ്ററിലും സിമന്റ് കോൺക്രീറ്റ് ലെവലിങ്ങ് ചെയ്യുന്നതിനും [Cement Concrete 1:6:12], 7 എണ്ണം Through And Bond Stone (Size 24 X 24 X 39cm) ഉപയോഗിച്ച് പടവ് നടത്തുന്നതിനുള്ള തുകയും കൂടി ഉൾപ്പെടുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് ലെവലിങ്ങ് ചെയ്തതോയോ, കരിങ്കൾ പടവിൽ Through And Bond Stone ഉപയോഗിച്ചതായോ 09.02.2026 , 17.02.2026എന്നീ തിയ്യതികളിൽ ഓവർസിയർമാരുടെ സാന്നിധ്യത്തിൽ നടത്തിയ സൈറ്റ് പരിശോധനയിൽ കാണാൻ സാധിച്ചിട്ടില്ല. ഈ രണ്ട് ഇനങ്ങളും പ്രവൃത്തിയിൽ ചെയ്തിട്ടില്ലാത്തതിനാൽ ഇവക്കുള്ള നിരക്ക് ഒഴിവാക്കിയാണ് പ്രവൃത്തിക്ക് തുക നൽകേണ്ടിയിരുന്നത്. മേൽ ഇനങ്ങളുടെ നിരക്ക് ഒഴിവാക്കാത്തത് വഴി വിവിധ പ്രവൃത്തികളിലുണ്ടായ അധിക ചെലവ് ചുവടെ ചേർക്കുന്നു -

## 1-44 (A) റാന്റം റബിൾ മേസനറി പ്രവൃത്തികൾ -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

1. പ്രവൃത്തി - ലൈഫ് ഭവന സമുച്ചയം- ബ്ലോക്ക് -23ന് പുറക് വശം സംരക്ഷണ ഭിത്തി നിർമ്മാണം

ഫയൽ നം. - PW1-15923/2020

Mbook No. 150/2020-21

എസ്റ്റിമേറ്റ് - 4,95,000 (തനത് ഫണ്ട്)

T.S No. 67845/2020-21/14-09-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. എം ഹുസൈൻ

കരാർ :252/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

വൗച്ചർ നം. P-M10010024001003/20-01-2025 : 4,77,320

എസ്റ്റിമേറ്റ് & മെഷർമെന്റ് -ശ്രീ. എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് -ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ

| പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം നൽകിയ തുക (12% GSTഉൾപ്പടെ) |
|---|---|---|---|
| 80.136 $M^3$ | 4,16,518 @5197.64/ $M^3$ | 3,96,103 @4942.89/$M^3$ | 22,865 (20,415+2450) |

2. പ്രവൃത്തി- ലൈഫ് ഭവന സമുച്ചയം- ബ്ലോക്ക്-24ന്റെ പിൻഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണം

ഫയൽ നം. - PW1-15926/2020

M-Book No. 144/2020-21

എസ്റ്റിമേറ്റ് - 4,96,000 (തനത് ഫണ്ട്)

T.S No. 67848/2020-21/14-09-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. എം ഹുസൈൻ

കരാർ :247/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

വൗച്ചർ നം. PM10010024000093/21-05-2024 : 4,96,000

എസ്റ്റിമേറ്റ് & മെഷർമെന്റ് - ശ്രീ. എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് -ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ

| പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം നൽകിയ തുക (12% GSTഉൾപ്പടെ) |
|---|---|---|---|
| 76 $M^3$ | 3,95,021 @5197.64/ $M^3$ | 3,75,660 @4942.89/$M^3$ | 21,684 (19,361+2323) |

3. പ്രവൃത്തി-ലൈഫ് ഭവന സമുച്ചയം- ബ്ലോക്ക് -23നും 26നും ഇടയിൽ സംരക്ഷണ ഭിത്തി നിർമ്മാണം

ഫയൽ നം. -PW1-15933/2020

M-Book No. 146/2020-21

എസ്റ്റിമേറ്റ് - 4,96,000 (തനത് ഫണ്ട്)

T.S No. 67556/2020-2021/14-09-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. എം ഹുസൈൻ

കരാർ :253/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

വൗച്ചർ നം. PM10010024000870/09-12-2024 : 4,95,880

എസ്റ്റിമേറ്റ് & മെഷർമെന്റ് - ശ്രീ. എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് - ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ

| പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം നൽകിയ തുക (12% GSTഉൾപ്പടെ) |
|---|---|---|---|
| 73.24 $M^3$ | 3,80,675 @5197.64/ $M^3$ | 3,62,017 @4942.89/$M^3$ | 20,897 (18,658+2239) |

4. പ്രവൃത്തി-ലൈഫ് ഭവന സമുച്ചയം- ഗേറ്റിന് വലതു ഭാഗം ചുറ്റുമതിൽ നിർമ്മാണം

ഫയൽ നം. -PW1-15928/2020

M-Book No. 141/202-21

എസ്റ്റിമേറ്റ് - 4,95,000 (തനത് ഫണ്ട്)

T.S No. 67846/2020-21/14-09-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. എം ഹുസൈൻ

കരാർ :259/2020-21/04-11-20 (എസ്റ്റിമേറ്റ് റേറ്റ്)

വൗച്ചർ നം. PM10010024000907/12-12-2024 : 477320

എസ്റ്റിമേറ്റ് & മെഷർമെന്റ് - ശ്രീ. എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് - ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ

| പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം നൽകിയ തുക (12% GSTഉൾപ്പടെ) |
|---|---|---|---|
| 69.442 $M^3$ | 3,60,935 @5197.64/ $M^3$ | 3,43,244 @4942.89/$M^3$ | 19,814 (17,691+2123) |

5. പ്രൊജക്ട് - കോലോത്തൊടി കോളനി പാത്ത് വേ നിർമ്മാണം

നം. S0052/2021

ഫയൽ നം. -PC1-52/2020-2021

Mbook No. 68/202-21

എസ്റ്റിമേറ്റ് - 6,60,000 (തനത് ഫണ്ട്)

T.S No. 701/20-21/22-04-2020

DsoR - 2016, Cost Index : 31.06 %

കരാറുകാരൻ - ശ്രീ. എം ഹുസൈൻ

കരാർ :102/20-21/12-08-20 (നിരക്ക് -583124.62)

K-Smart No.522692-2025

BRN : 20150347001801200237/06-03-2021 : 4,00,000

വൗച്ചർ നം.PM10010024001215/14-03-2025 : 253100

എസ്റ്റിമേറ്റ് & മെഷർമെന്റ് - ശ്രീ. എൻ. പ്രസന്നകുമാർ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് - ശ്രീ. ഉമ്മർ കെ, അസി. എക്സി. എഞ്ചിനീയർ

| പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം (12% GST ഉൾപ്പടെ) |
|---|---|---|---|
| 98.78 $M^3$ | 513422.88 @5197.64/ $M^3$ | 488258.67 @4942.89/$M^3$ | 28184 (25164+3020) |

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിൽ ആകെ അധികം നൽകിയ 1,13,444 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവെടുക്കുകയും ചെയ്ത അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-44 (B) ചോലക്കുളം പുനരുദ്ധാരണം-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്ട് - ചോലക്കുളം പുനരുദ്ധാരണം-18

നം. S0593/2025

ഫയൽ നം. - PW1-514/2024

അടങ്കൽ -20,00,000 (ഫിനാൻസ് കമ്മീഷൻ അവാർഡ്)

T.S No. LSGD/CELSGD/EST_TS/10586/2024/17-02-2024

DsoR - 2018, Cost Index : 34.66 %

Price Id : 10586/2024

കരാറുകാരൻ - ശ്രീ. എം ഹുസൈൻ

കരാർ :152/2023-24/12-03-2024 (എസ്റ്റിമേറ്റ് നിരക്ക്)

വൗച്ചർ നം. CFC-II/24-25/07-10-2024 : 19,99,663

എസ്റ്റിമേറ്റ് & മെഷർമെന്റ് - ശ്രീ. നിഷാന്ത് കാവുങ്ങപ്പറമ്പിൽ, അസി. എഞ്ചിനീയർ

T.S & ചെക്ക് മെഷർമെന്റ് - ശ്രീമതി ഷെറിൻ ബീഗം, അസി. എക്സി. എഞ്ചിനീയർ

| പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം (18% GST ഉൾപ്പടെ) |
|---|---|---|---|
| 38.675 $M^3$ | 280390.66 @7249.92/ $M^3$ | 2,74,782 @7104.90/M3 | 6619 (5609+1010) |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ചോലക്കുളം സൈറ്റിലേക്കുള്ള വഴി വിട്ടുകിട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/19-02-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിൽ ആകെ അധികം നൽകിയ 6619 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അളവെടുക്കുകയും ചെയ്ത അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകുകയും, ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസി.

എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-45 ഗവ.ആയുർവേദ ആശുപത്രി പുതിയ കെട്ടിട നിർമ്മാണം - പ്രവൃത്തി നിശ്ചലാവസ്ഥയിൽ

File – 2711533-2024 (K Smart) & PW-1305/2018

പെരിന്തൽമണ്ണ നഗരസഭയുടെ കീഴിലുള്ള ആയുർവേദ ആശുപത്രിക്ക് ആധുനിക രീതിയിൽ പുതിയ കെട്ടിടം പണിയാൻ രജത ജൂബിലി മിഷൻ പദ്ധതിയിൽ തീരുമാനിച്ചത് പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട്, നഗരസഭ ഫണ്ട് എന്നിവ ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭ തീരുമാനിക്കുകയും, FRBL (Fact-RCF Bulding Products Ltd.) പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി തയ്യാറാക്കി സമർപ്പിച്ച 4,10,57,500 രൂപയുടെ എസ്റ്റിമേറ്റ് 29.11.2018 ലെ 46ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിക്കുകയും തുടർന്ന് പ്രവൃത്തിക്ക് വേണ്ടി പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായ FRBL മായി 6% സെന്റേജ് ചാർജ് നിരക്കിൽ പ്രവൃത്തി നടത്തുവാൻ 5.9.2019 ന് കരാർ (27/19-20 തി.5.9.2019) ചമക്കുകയും ചെയ്തു. ശ്രീ. റിയാസ്.ബി എന്ന വ്യക്തിയാണ് പ്രവൃത്തിയുടെ കരാറുകാരൻ. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2016 DSR നിരക്ക് പ്രകാരമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി DPC യുടെ അംഗീകാരം വാങ്ങാതെ തുടങ്ങി വച്ച ഈ പ്രവൃത്തി ഫണ്ടിന്റെ അപര്യാപ്തത മൂലം നിശ്ചലാവസ്ഥയിൽ ഇരിക്കയാണ്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ വലിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുകയും പിന്നീട് ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രവൃത്തികൾ മുടങ്ങി കിടക്കുന്ന സ്ഥിതി വിശേഷമാണ് കണ്ടു വരുന്നത്.

പ്രവൃത്തി മുടങ്ങി കിടക്കുന്ന സാഹചര്യത്തിൽ 5.2.2022 ന് ആയുഷ് മിഷൻ സംസ്ഥാന ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ആയുർവേദ ആശുപത്രി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

1. അടുത്ത 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ നടത്തണമെന്ന് മിഷൻ ഡയറക്ടർ നിർദേശിച്ചു. ഇതിന്റെ ഭാഗമായി നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് 75 ലക്ഷം രൂപ നഗരസഭക്ക് കൈമാറുന്നതാണ്

2. നഗരസഭയുടെ ആദ്യഗഡുവായി 25 ലക്ഷം രൂപ ഒരു മാസത്തിനുള്ളിലും അടുത്ത ഗഡുവായി 50 ലക്ഷം രൂപ ആറുമാസത്തിനുള്ളിലും പ്രവൃത്തിക്ക് വേണ്ടി വിനിയോഗിക്കേണ്ടതാണ്.

3. നിർമ്മാണ പ്രവൃത്തിക്കായി ബാക്കി വിനിയോഗിക്കേണ്ട തുക അടുത്ത 6 മാസത്തിനുള്ളിൽ ഓരോ മാസവും 25 ലക്ഷത്തിൽ കുറയാത്ത തുക കൈമാറികൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നഗരസഭ തീരുമാനമെടുക്കേണ്ടതാണ്.

മേൽ തീരുമാനങ്ങളിൽ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് 75 ലക്ഷം രൂപ നഗരസഭക്ക് കൈമാറിയിട്ടുണ്ടെങ്കിലും മറ്റ് തീരുമാനങ്ങൾ പ്രകാരമുള്ള നടപടികൾ കൈകൊള്ളാനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

4,10,57,500 രൂപയുടെ എസ്റ്റിമേറ്റുള്ള മേൽ പ്രവൃത്തിയിൽ 1,78,38,827 രൂപയുടെ പാർട്ട് ബിൽ FRBL 9.3.2021 ന് സമർപ്പിച്ചിട്ടുണ്ട് (FRBL/20-21/PMC/DPM/110/57/01 Dtd.9.3.21) .

**പ്രവൃത്തിക്ക് വേണ്ടി നാളിത് വരെ ചെലവഴിച്ച തുകകൾ താഴെ പറയുന്നു.**

| തുക | ചെക്ക് നമ്പർ | ഫണ്ട് |
|---|---|---|
| 21,00,000 | 498813/17.7.2020 | തനത് ഫണ്ട് |
| 75,00,000 | 071976/24.2.2022 | നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് |
| 30,00,000 | 138657/15.12.2024 | തനത് ഫണ്ട് |

പാർട്ട് ബിൽ പ്രകാരം അനുവദിക്കേണ്ട 1,78,38,827 രൂപയിൽ 1,26,00,000 രൂപയാണ് 5.9.2019 ന് തുടങ്ങി വച്ച പ്രവൃത്തിക്ക് നാളിത് വരെ അനുവദിച്ചിട്ടുള്ളത്. പാർട്ട് ബിൽ ഇനത്തിൽ മാത്രം 52,38,827 രൂപ ഇനിയും സ്ഥാപനത്തിന് അനുവദിക്കാൻ ഉണ്ട്. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 22.12.2020 വരെയാണ് എന്നിരിക്കെ പ്രവൃത്തിയുടെ Basement Floor, Ground Floor (Column Up To Beam Level) എന്നിവ മാത്രമേ പൂർത്തിയായിട്ടുള്ളൂ. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിന്നീട് 31.1.2021 വരെ നീട്ടിനൽകിയിട്ടുണ്ട്. തുടർന്നും സ്ഥാപനത്തിന് പേമെന്റ് അനുവദിക്കാത്തതിനാൽ പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്.

 

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (51/20.2.26) മറുപടി ലഭ്യമാക്കിയില്ല.

1. വാർഷിക പദ്ധതിയുടെ ഭാഗമല്ലാതെ ചെയ്ത പ്രവൃത്തിയാണിത്. അതുകൊണ്ട് തന്നെ പ്രവൃത്തിയുടെ സാമ്പത്തിക സ്ത്രോതസ്സുകൾ ഹെൽത്ത് മിഷൻ ഫണ്ട്, നഗരസഭ ഫണ്ട് എന്നിവ മാത്രമാണ്. നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടിനത്തിൽ ചെലവഴിക്കേണ്ട തുകയും തനത് ഫണ്ടിനത്തിൽ ചെലവഴിക്കേണ്ട തുകയും എത്രയാണെന്ന് വ്യക്തമാക്കിയിട്ടില്ല.

2. സ്ഥാപനത്തിന് അനുവദിച്ച പേമെന്റുകളിൽ നിന്നും പിടിച്ച റിക്കവറികൾ (IT,GST,KCWF) അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിയുടെ ഫയലിൽ നിന്നും റിക്കവറികൾ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

3. 10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പിഡബ്ള്യൂഡി ക്വാളിറ്റി കൺട്രോൾ മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാനുവൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യൂഡി മാനുവൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ

നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ പ്രവൃത്തിയിൽ QC Testing നടത്തിയതിന്റെ രേഖകൾ ഇല്ല. ക്വാളിറ്റി ടെസ്റ്റ് നടത്താത്തിനാൽ പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രവൃത്തിയുടെ നിർവ്വഹണ സമയത്ത് ആവശ്യമായ QC Testing നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ബില്ലുകൾ (പാർട്ട് ബിൽ ഉൾപ്പടെ) QC Testing സർട്ടിഫിക്കറ്റ് സഹിതം പെയ്മെൻ്റിന് വേണ്ടി സമർപ്പിക്കുകയും ചെയ്യേണ്ടത് Project Management Consultancy കളുടേയും ആവശ്യമായ മുഴുവൻ രേഖകളും Project Management Consultancy കൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് നഗരസഭ എൻജിനീയറുടേയും ഉത്തരവാദിത്തമാണ്. QC Testing നടത്താതെ പ്രവൃത്തിയുടെ ഗുണമേൻമ ഉറപ്പുവരുത്തിയത് എപ്രകാരമാണെന്ന് അറിയിക്കേണ്ടതാണ്.

4. കരാർ പ്രകാരമുള്ള പേമെന്റുകൾ നഗരസഭ , ഏജൻസിക്ക് നൽകിയിട്ടില്ല. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 35% മുൻകൂർ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 1,43,70,125 രൂപയാണ് (4,10,57,500x35%) സ്ഥാപനത്തിന് മുൻകൂർ ആയി അനുവദിക്കേണ്ടത്. എന്നാൽ 21,00,000 രൂപ മാത്രമാണ് നഗരസഭ മുൻകൂർ അനുവദിച്ചിട്ടുള്ളത്. ഫണ്ട് കുറവാണെങ്കിൽ ഇത്തരത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കുന്നത് എന്തിനാണെന്ന് വ്യക്തമല്ല.

5. 2019-20 വർഷത്തിൽ ആരംഭിച്ച പ്രവൃത്തി 5 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാതെ ഇരിക്കയാണ്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതും പ്രവൃത്തി പൂർത്തീരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

മേൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും പ്രവൃത്തി പൂർത്തീരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-46 ലൈഫ് മിഷൻ ഫ്ലാറ്റിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് ാപിക്കൽ - അപാകതകൾ

നിർവഹണം - സെക്രട്ടറി

പ്രോജക്റ്റ് - SO544/25

File – 446042-2025 (K Smart) & PW2/22101/21

കരാർ - 06/18.1.25

കരാറുകാരൻ - അകാാടെക്നിക് വാട്ടർ ട്രീറ്റ്മെന്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് , എറണാകുളം

പെരിന്തൽമണ്ണ നഗരസഭയുടെ വാർഡ് 16 ൽ നിർമ്മിച്ച 400 കുടുംബങ്ങൾ താമസിക്കുന്ന ലൈഫ് ഭവന സമുച്ചയത്തിൽ ഏകദേശം 300 ആർ വിസ്തീർണ്ണമുള്ള ഒറ്റ സ്ഥലത്ത് 34 ഫ്ലാറ്റുകൾ ആണ് സ്ഥിതി ചെയ്യുന്നത്. ഭവന സമുച്ചയത്തിൽ പൂർണ്ണതോതിൽ ഇത്രയും കുടുംബങ്ങൾ താമസിക്കുമ്പോൾ ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ ഉണ്ടാവാനുള്ള സാധ്യത കണക്കിലെടുത്ത് ലൈഫ് ഭവന സമുച്ചയത്തിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2,35,88,200 രൂപ വകയിരുത്തുകയും ചെയ്തു. ബഹു വർഷ പ്രോജക്റ്റ് ആയിട്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

| | |
|---|---|
| 2024-25 | 50,00,000 |
| 2025-26 | 70,00,000 |
| 2026-27 | 11588200 |
| ആകെ | 2,35,88,200 |

200 KLD കപ്പാസിറ്റിയുള്ള STP സ്ഥാപിക്കുന്നതിന് ശുചിത്വമിഷന്റെ അംഗീകാരം (4636/G/2023/SM തി.27.11.2024) ലഭിച്ചിട്ടുള്ളതിനാൽ പദ്ധതി റിവിഷനിൽ 1,85,88,200 രൂപ നഗരസഭ വിഹിതവും 50,00,000 രൂപ ശുചിത്വമിഷന്റെ വിഹിതവും ഉൾപ്പെടുത്തി.

| | |
|---|---|
| Total Cost Of Civil Work | 5901055.80 |
| Total Cost Of MEP Work | 8988653.80 |
| Total Cost Of O&M | 5100290.40 |
| Total Basic Amount | 19990000 |
| GST 18% | 3598200 |
| Grand Total | 23588200 |

പദ്ധതി അപാകതകൾ

**1) നഗരസഭ കരാർ ലംഘനം നടത്തി**

DBOT വ്യവസ്ഥയിൽ പ്രവൃത്തി ഏറ്റെടുത്ത അകാാടെക്നിക് വാട്ടർ ട്രീറ്റ്മെന്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് , എറണാകുളം എന്ന സ്ഥാപനം 26,19,304.34 രൂപയുടെ പാർട്ട് ബിൽ നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിത് വരെ നഗരസഭ തുക അനുവദിച്ച് നൽകിയിട്ടില്ല. കരാർ പ്രകാരമുള്ള

പേമെന്റുകൾ നഗരസഭ , ഏജൻസിക്ക് നൽകിയിട്ടില്ല. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 5% DPR Submission&Technical Sanction ഇനത്തിലും 25% Excavation&Construction Of PCC And RCC Of Base Slab നിർമ്മാണം കഴിയുമ്പോഴും അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. DPR തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കിയതിന് 8,78,492.86 രൂപയുടെ ബിൽ 12.2.25 നും, Excavation For PCC & RCC Of Base Slab പൂർത്തിയാക്കിയ വകയിൽ 17,40,811.46 രൂപയുടെ ബിൽ 10.3.25 നും സ്ഥാപനം സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിത് വരെ നഗരസഭ തുക അനുവദിച്ച് നൽകിയിട്ടില്ല. 31.1.2026 ന് അകപാടെക്നിക് നഗരസഭ സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം പണിയുടെ പുരോഗതി വിലയിരുത്തി കൃത്യസമയത്ത് ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും നഗരസഭയുടെ ഭാഗത്ത് നിന്നും തൃപ്തികരമായ മറുപടിയോ, പേമെന്റുകളോ ലഭിക്കാത്തതിനാൽ കുടിശ്ശിക തീർപ്പാക്കി സാമ്പത്തിക ലഭ്യത ഉറപ്പാക്കിയാൽ മാത്രമേ തുടർന്നുള്ള പ്രവർത്തികൾ ചെയ്യാൻ കഴിയൂ എന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ ഒന്നര വർഷമായി ഷട്ടറിംഗ് സാമഗ്രികൾക്കായി മാത്രം മാസം തോറും 30000 രൂപ വാടക നൽകി വരുന്നത് സ്ഥാപനത്തിന് വലിയ സാമ്പത്തിക ഭാരം വരുത്തിയിട്ടുണ്ടെന്നും പദ്ധതി ആരംഭിച്ച സമയത്തെ അപേക്ഷിച്ച് നിർമ്മാണ സാധനങ്ങളുടെ വിലയിലുണ്ടായ അമിതമായ വർദ്ധനവ് നിലവിലെ ബജറ്റിൽ പണി പൂർത്തിയാക്കുന്നത് ദുഷ്കരമാണ് എന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന് പേമെന്റ് അനുവദിക്കാത്തതിലൂടെ നഗരസഭ കരാർ ലംഘനം നടത്തിയിട്ടുണ്ട്.

**2. വ്യക്തമായ ആസൂത്രണം ഇല്ലാതെ പദ്ധതി തയ്യാറാക്കി**

ലൈഫ് ഭവന സമുച്ചയത്തിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഇതിനോടൊപ്പം തന്നെ വ്യത്യസ്ഥ ഫ്ലാറ്റുകളിൽ നിന്നും വരുന്ന മാലിന്യം/മലിന ജലം ഏകീകരിച്ച് പ്ലാന്റിലേക്ക് എത്തിക്കുന്നതിനുള്ള നെറ്റ് വർക്കിംഗ് സംവിധാനം ഒരുക്കുന്നതിന് എസ്റ്റിമേറ്റിൽ പ്രോവിഷൻ വച്ചിട്ടില്ല. പിന്നീട് 7.11.2024 ലെ 4636/G/2023/SM നമ്പറായുള്ള ശുചിത്വമിഷന്റെ കത്ത് പ്രകാരം ഫ്ലാറ്റ് സമുച്ചയത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് DBOT മാതൃകയിൽ STP യുടെ നിർമ്മാണത്തിന് വേണ്ടി മാത്രമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫ്ലാറ്റുകളിൽ നിന്നും മലിന ജലം ശേഖരിക്കുന്നതിന് നെറ്റ് വർക്ക് ശൃംഗല സ്ഥാപിക്കുന്നതിനുള്ള പദ്ധതി കൂടി രൂപീകരിക്കുന്ന മുറക്ക് മാത്രമേ പദ്ധതിക്ക് അംഗീകാരം നൽകുകയുള്ളൂ എന്നറിയിച്ചതിനെ തുടർന്ന് 25.11.24 ലെ 1ാം നമ്പർ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫ്ലാറ്റുകളിൽ നിന്നും മലിന ജലം ശേഖരിക്കുന്നതിന് നെറ്റ് വർക്ക് ശൃംഗല സ്ഥാപിക്കുന്നതിനുള്ള മറ്റൊരു പദ്ധതിക്ക് 1,01,39,421 രൂപയും വകയിരുത്തുകയും (Project- 517/26) ആയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ പ്രവർത്തിക്ക് സാങ്കേതിക അനുമതി നൽകുകയും ആണ് ചെയ്തിട്ടുള്ളത്. അകപാടെക്നിക് വാട്ടർ ട്രീറ്റ്മെന്റ് ടെക്നോളജീസ്

പ്രൈവറ്റ് ലിമിറ്റഡ് , എറണാകുളം എന്ന സ്ഥാപനത്തിനെ തന്നെയാണ് ഫ്ലാറ്റുകളിൽ നിന്നുള്ള മലിന ജലം ശേഖരിക്കുന്നതിന് നെറ്റ് വർക്ക് ശൃംഗല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഏൽപിച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചിട്ടില്ല. ഇതിന് വേണ്ടി പിന്നീട് വകയിരുത്തിയ തുകകൾ താഴെ പറയുന്നു.

| | |
|---|---|
| ശുചിത്വമിഷൻ ഫണ്ട് (25-26) | 50,00,000 |
| ധന കാര്യ കമ്മീഷൻ ഗ്രാന്റ് (25-26) | 13,11,000 |
| ധന കാര്യ കമ്മീഷൻ ഗ്രാന്റ് (26-27) | 38,28,421 |
| ആകെ | 1,01,39,421 |

Sewage Network

| | |
|---|---|
| Cost Of Network | 85,92,729.61 |
| GST 18% | 15,46,691.33 |
| Total | 1,01,39,420.93 |

**<u>3. ശുചിത്വമിഷന്റെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ കരാറുകാരന് സ്ഥലം കൈമാറി</u>**

ശുചിത്വമിഷന്റെ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തന്നെ കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്. ശുചിത്വമിഷൻ അംഗീകാരം നൽകിയപ്പോൾ എസ്.ടി.പി പൂർത്തിയാകുന്ന മുറക്ക് തന്നെ നെറ്റ് വർക്കിംഗിന്റെ പദ്ധതി ഏറ്റെടുത്ത് ത്വരിത ഗതിയിൽ നിർവഹണം നടത്തുന്നതിന് നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിക്കുകയും പിന്നീട് 4636/G/2023/SM തി.27.11.2024 നമ്പറായി അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ 23.11.24 ന് കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്. സ്ഥലം കൈമാറിയ തിയതി മുതൽ 12 മാസക്കാലയളവാണ് കരാർ പ്രകാരം പ്രവൃത്തിക്ക് സമയം അനുവദിച്ചിട്ടുള്ളത്.




മേൽ അപാകതകൾക്ക് മറുപടി നൽകുന്നതിനും പ്രവൃത്തി പൂർത്തീരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/21.2.26) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും പ്രവൃത്തി പൂർത്തീരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-47 മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല - ബാധ്യത കൂടി നഗരസഭ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ

1) നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ ബാധ്യതകളുടെ വിവരം താഴെ നൽകുന്നു.

| ഇനം | തുക |
|---|---|
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ( B4 ഷെഡ്യൂൾ ) | 2,48,27,761 |
| ഡെപ്പോസിറ്റ് ( B7 ഷെഡ്യൂൾ ) | 52,07,27,519 |
| ലൈബ്രറി സെസ്സ്, GST ഉൾപ്പടെ | 3,00,22,346.50 |

| | |
|---|---|
| പിരിച്ചെടുത്തത് ഒടുക്കാനുള്ളത് ഉൾപ്പെടെ മറ്റ് ബാധ്യതകൾ ( B8 ഷെഡ്യൂൾ) | |
| ആകെ ബാധ്യത | 57,55,77,626.50 |

വാർഷിക കണക്കിലെ ഷെഡ്യൂൾ RP-40(b) പ്രകാരം വിവിധ അക്കൗണ്ടുകളിലായി ആകെ മുൻസിപ്പൽ ഫണ്ട് ബാലൻസ് ഉള്ളത് ( 5,92,93,491 ബാങ്ക്, 15,91,145 ക്യാഷ്) 6,08,84,636 രൂപ മാത്രമാണ്. നഗരസഭയുടെ ബാധ്യത തീർക്കുന്നതിന് മുനിസിപ്പൽ ഫണ്ട് പര്യാപ്തമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

സർക്കാരിൽ നിന്നും പ്രത്യേക ഉദ്ദ്യേശ്യ ഗ്രാന്റുകളായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് അനുസൃതമായും സർക്കാരിലേക്കും മറ്റും നൽകുന്നതിനായി കളക്റ്റ് ചെയ്ത തുകയിൽ ഒടുക്കാൻ തിരികെ നൽകാൻ ശേഷിക്കുന്ന തുകയ്ക്കനുസൃതമായും ഡെപ്പോസിറ്റ് ഇനത്തിൽ തിരിച്ച് നലകേണ്ട തുകയ്ക്ക് അനുസൃതമായും നഗരസഭാ ഫണ്ടിൽ തുക ഇല്ല.

2) വായ്പ ഇനത്തിലെ ബാധ്യത

ക്രമ നമ്പർ (1) പ്രകാരമുള്ള കണക്കിൽ വായ്പയിനത്തിലുള്ള ബാധ്യതകൾ ഉൾപ്പടുത്തിയിട്ടില്ല. വായ്പ ഇനത്തിലെ ബാധ്യതകൾ (വാർഷിക കണക്ക് പ്രകാരം) താഴെ പറയുന്നു.

Spl.Assistance From Amrith - 17,87,06,942 (Long Term Loan-Repayment After 50 Yrs)(B6 ഷെഡ്യൂൾ)

Loan From HUDCO – 14,12,94,933 (B5 ഷെഡ്യൂൾ)

| | | |
|---|---|---|
| Spl.Financial Assistance From Amrith | 11,29,13,217 | Modern(Indore) Market Construction |
| Spl.Financial Assistance From Amrith | 6,57,93,725 | Moosakutty Bus Stand Construction |
| Total | 17,87,06,942 | |

വായ്പ ഇനത്തിൽ 32,00,01,875 രൂപയുടെ ബാധ്യതയുണ്ട്.

3) 13 നിർവഹണ ഉദ്യോഗസ്ഥർ മുഖേന 2024-25 വർഷത്തിൽ നിർവഹണം നടത്തിയ പദ്ധതികളിൽ മിക്കതും 2024-25 വർഷത്തിൽ ഫണ്ട് ഇല്ലാത്തത് കൊണ്ട് പേമെന്റ് നൽകാത്തതാണ്. അതിൽ നിർവഹണം

കഴിഞ്ഞതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളിൽ അനുവദിക്കേണ്ട പണം മറ്റൊരു ബാധ്യതയായി നിൽകുന്നു.

| പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെയ്ത പദ്ധതികളുടെ എണ്ണം | ചെലവ് തുക | ചെയ്യാത്ത പദ്ധതികളുടെ എണ്ണം | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| 636 | 55,72,90,522 | 428 | 14,92,61,677 | 208 | 408028845 |

4) ഏജൻസികൾ മുഖേനെ ചെയ്യുന്ന പവൃത്തികളിലെ ബാധ്യത -നിലവിലുള്ള പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | ഏജൻസി | എസ്ററിമേറ്റ് തുക | നാളിത് വരെയുള്ള ചെലവ് | തുടർന്നു വരുന്ന വർഷങ്ങളിൽ കൊടുത്ത് തീർക്കാനുള്ള ബാധ്യത |
|---|---|---|---|---|---|
| 1 | Indor(Modern) Market Construction<br>(Agri- 8.3.2019)<br>DSR 2016 | ULCCS<br>(Uralungal Labour Contract Co-Operative Society) | 38,50,00,000 | 10,01,00,000 | 28,49,00,000 |
| 2 | Govt Ayurveda Hospital Construction<br>(Agri- 5.9.2019)<br>DSR 2016 | FRBL- | 41057500 | 1,26,00,000 | 2,84,57,500 |
| 3 | LiFE Flat- STP | അകാാടെക്നിക് | 3,37,27,621 | 0 | 3,37,27,621 |

| | | | | | |
|---|---|---|---|---|---|
| | Sewage Treatment Plant (Agri-18.1.2025) | വാട്ടർ ട്രീറ്റ്മെന്റ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് , എറണാകുളം | | | |
| | Total | | | | 34,70,85,121 |

മേൽ 3 പ്രവൃത്തികൾക്കും തുടർന്ന് പേമെന്റ് അനുവദിക്കാത്തതിനാൽ കരാറുകാർ നിർത്തിവച്ച പ്രവൃത്തികളാണ്. ക്രമ നമ്പർ 1,2 പ്രകാരമുള്ള പ്രവൃത്തികൾ 2016 ലെ DSR നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളാണ്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന മുറക്ക് തുടർവർഷങ്ങളിലെ ബാധ്യത കൂടാനാണ് സാധ്യത.

സർക്കാരിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് അനുസൃതമായും സർക്കാരിലേക്കും മറ്റും നൽകുന്നതിനായി കളക്റ്റ് ചെയ്ത തുകയിൽ ഒടുക്കാൻ, തിരികെ നൽകാൻ ശേഷിക്കുന്ന തുകയ്ക്കനുസൃതമായും ഡെപ്പോസിറ്റ് ഇനത്തിൽ തിരിച്ച് നലകേണ്ട തുകയ്ക്ക് അനുസൃതമായും നഗരസഭാ ഫണ്ടിൽ തുക ഇല്ലാത്തത് വൻ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും വൻതോതിലുള്ള ബാധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (47/20.2.26) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ മേൽ പരാമർശത്തിൻമേലുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-48 തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ - തൂക്കം സാക്ഷ്യപ്പെടുത്തുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ. | 48/25 |
| പ്രൊജക്ടിന്റെ പേര്. | ഖരമാലിന്യ പ്ലാന്റിലെ തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യൽ. |
| നിർവ്വഹണ | ഹെൽത്ത് ഓഫീസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ. | |
| അടങ്കൽ തുക. | 2,00,000/- രൂപ. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 1,74,525/- രൂപ. |
| വൗച്ചർ | P-M100100-24001275/27.3.25. |
| ഫയൽ നമ്പർ. | 2459530-2024 |

പദ്ധതി പ്രകാരം കിലോഗ്രാമിന് 6.50 രൂപ നിരക്ക് വച്ച് M/S.Malabar Process, 6/385, Pattimalam, Kottathara.P.O, Agali, Mannarkkad എന്ന സ്ഥാപനത്തിന് 174525 രൂപ അനുവദിച്ചിട്ടുണ്ട്. 26850 Kg മാലിന്യങ്ങൾ നീക്കം ചെയ്തതിനാണ് മേൽ തുക നൽകിയത്. ഇത് കൂടാതെ പ്രോജക്ട് ഇല്ലാത്ത റണ്ണിംഗ് കോൺട്രാറ്റ് വ്യവസ്ഥയിൽ കിലോഗ്രാമിന് 7 രൂപ നിരക്കിലും മേൽ സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക 2024-25 വർഷത്തിൽനൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ & തീയതി. | അളവ്. | ബിൽ തുക. | വൗച്ചർ |
|---|---|---|---|---|
| 1 | SER/2024-25/007 Dt: 4.3.2024 | 33300 Kg. | 233100 | P-M100100-240000262/10.7.24 |
| 2 | SER/2024-25/004 Dt: 29.5.2024 | 95055 Kg. | 665385 | P-M100100-24000434/21.8.24 |
| 3 | SER/2024-25/002 Dt: 06.12.2023 | 51430 Kg. | 360010 | P-M100100-24000434/21.8.24 |
| 4 | SER/2024-25/003 Dt: 14.6.2024 | 66210 Kg. | 463470 | P-M100100-24000434/21.8.24 |
| 5 | SER/2024-25/001 Dt: 09.4.2024 | 56080 Kg. | 392560 | P-M100100-240001005/21.1.25 |
| 6 | SER/2024-25/005 Dt: 22.7.2024 | 44945 Kg. | 314615 | P-M100100-24001005/21.1.25 |
| 7 | SER/2024-25/004 Dt: 27.8.2024 | 110300 Kg. | 772100 | P-M100100-24001114/24.2.25 |

| | | | | |
|---|---|---|---|---|
| 8 | SER/2024-25/007 Dt: 18.9.2024 | 45700 Kg. | 319900 | P-M100100-24001249/19.3.25 |
| 9 | SER/2024-25/009 Dt: 11.10.2024 | 64915 Kg. | 454405 | P-M100100-24001249/19.3.25 |
| 10 | SER/2024-25/12 Dt: 06.11.2024 | 38895 Kg. | 272265 | P-M100100-24001249/19.3.25 |
| ആകെ | | | 42,47,810 | |

തിരസ്കൃത മാലിന്യങ്ങളുടെ മേൽ പ്രകാരമുള്ള വെയ്റ്റ് തൂക്കിയിട്ടുള്ളത് Perinthalmanna Electronic Weigher Bridge എന്ന സ്ഥാപനത്തിൽ നിന്നാണ്. 21.10.23 ന് സ്ഥാപനം ഒന്നാം കക്ഷിയായും നഗരസഭ സെക്രട്ടറി രണ്ടാം കക്ഷിയായും ചമച്ച കരാറിലെ (കരാറിന് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) വ്യവസ്ഥ 4 പ്രകാരം തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ രണ്ടാം കക്ഷി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ തുക്കം സാക്ഷ്യപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ രേഖകളിലും തൂക്കം രേഖപ്പെടുത്തിയ രജിസ്റ്ററിലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തൂക്കം സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ അനുവദിച്ച തുകക്ക് അനുസൃതമായ തൂക്കം തന്നെയാണോ തിരസ്കൃത മാലിന്യങ്ങൾക്ക് ഉണ്ടായിരുന്നതെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (50/20.2.26) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ വ്യവസ്ഥ പാലിക്കാത്തതിനാലും നൽകിയ തുകയുമായി ബന്ധപ്പെട്ട തൂക്കങ്ങളുടെ നിജ സ്ഥിതി ബോധ്യപ്പെടാത്തതിനാലും തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4422335 രൂപ (174525+4247810) തടസ്സം ചെയ്യുന്നു.

## 1-49 സായ് സ്നേഹതീരം - വസ്തുനികുതി ഒഴിവാക്കി നൽകുന്നതിനുള്ള തീരുമാനം സംബന്ധിച്ച്.

ഫയൽ നമ്പർ -R1-1822883-2024

പെരിന്തൽമണ്ണ നഗരസഭയുടെ പരിസര പ്രദേശങ്ങളിലെ ആദിവാസി കാട്ടു നായ്കൾ വിഭാഗത്തിൽ ഉൾപ്പട്ട വിദ്യാർത്ഥികൾ, മറ്റ് പിന്നോക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ എന്നിവരുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സായ് സ്നേഹതീരം എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 33/70-1, 33/70-2 എന്നീ നമ്പർ കെട്ടിങ്ങൾക്ക് യഥാക്രമം 2014-15 വർഷം മുതൽ പലിശയുൾപ്പെടെ 109319/- രൂപ, 106192/- രൂപ വസ്തു

നികുതിയിനത്തിൽ കുടിശ്ശികയുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 235(ഡി) വകുപ്പ് പ്രകാരം മുൻകാല പ്രാബല്യത്തോടു കൂടി വസ്തുനികുതി ഒഴിവാക്കി നൽകുന്നതിനായി സർക്കാരിലേക്കു ശുപാർശ ചെയ്യുന്നതിന് നഗരസഭ കൗൺസിൽ 28.11.24 ലെ 24ാം നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിൽമേലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (49/20.2.26) മറുപടിയായി ടി സ്ഥാപനത്തിന്റെ വസ്തുനികുതി ഒഴിവാക്കി നൽകുന്നതിനായി സർക്കാരിലേക്കു ശുപാർശ ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

## 1-50 ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം-അധിക തുക അനുവദിച്ചു.

| ക്രമ നമ്പർ | പ്രൊജക്ട് | ഫണ്ട്/അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1 | ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം.- ജനറൽ(27/25) | 1200000(വികസന ഫണ്ട് -ജനറൽ) | 920952 | 1. J-M100100-24001503 Dtd 19.03.25 RS 291996<br>2.J-M100100-24001440 Dtd 19.03.25-213048<br>3. J-M100100-24001483 Dtd 20.03.25 RS 259902<br>4.J-M100100-24001720 Dtd 22.03.2025 RS 52254<br>5. J-M100100-24001366 Dtd 24.03.2025 RS 51804 |

| | | | | |
|---|---|---|---|---|
| | | | | 6.J-M100100-24001537 Dtd 25.03.2025 RS 51948 |
| 2 | ഗവൺമെന്റ് എൽ പി സ്കൂളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം.(28/25) | 250000 (വികസന ഫണ്ട് -എസ് സി പി) | 154746 | 1.J-M100100-24001512 Dtd 19.03.25 RS 52236(Part Bill)<br>2. J-M100100-24001631 Dtd 20.03.25 RS 45126(Part Bill)<br>3.J-M100100-24001533 Dtd 19.03.25 RS 37638<br>4. J-M100100-24001658 Dtd 24.03.25 RS 5310<br>5. J-M100100-24001377 Dtd 24.03.25 RS 9144<br>6. J-M100100-24001659 Dtd<br>25.03.25 RS 5292 |
| 3 | ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം- | 1200000(വികസന ഫണ്ട് -ജനറൽ) | 1129572 | 1. J-M100100-24001550 Dtd 22.05.2024 RS 135936<br>2. J- |

| | | | | | | |
|---|---|---|---|---|---|---|
| | | ജനറൽ S0(313<br>/25) | | | M100100-24001667 22.05.2024 RS 100332<br>3. J-M100100-24001710 22.05.2024 RS 174564<br>4. J-M100100-24001446 Dtd 22.05.2024 RS 142038<br>5. J-M100100-24001718 Dtd 22.05.2024 RS 77670<br>6. J-M100100-24001700 Dtd 22.05.2024 RS 105678<br>7. J-M100100-24001723 Dtd 25.07.2024 RS 107658<br>8. J-M100100-24001571 Dtd 25.07.2024 RS 285696 | |
